# കളരി

പത്രാധിപർ:
എ. വി. എസ്. പണിക്കർ.

| പുസ്തകം 1 | 1955 മേയ് (എടവം ലക്കം) | ലക്കം 11 |
|---|---|---|

## പത്രാധിപക്കുറിപ്പ്

ഇന്ത്യ ഇന്നു് സുപ്രധാനമായ ഒരു തീരുമാനമെടുത്തിരിക്കയാണ്. അതിൻെറ പ്രതിധ്വനിയാണ് നാം ആവടികോൺഗ്രസ്സിൽ നിന്നും കേട്ട സോഷ്യലിസനയപ്രഖ്യാപനം. ഒരുപക്ഷെ അതു് കേട്ടപ്പോൾ പലരും അമ്പരന്നു് പോയിരിക്കും. എന്നാൽ ഇന്നു് ഇന്ത്യയെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമായ ഒരു തീരുമാനമാണത് രണ്ടാം പഞ്ചവത്സരപദ്ധതിയുടെ രൂപവൽക്കരണത്തിൽ ബദ്ധശ്രദ്ധയായിരിക്കുന്ന ഇന്ത്യക്കു് ഒരു മനോഹരമായ പാന്ഥാവു് ചൂണ്ടിക്കാട്ടുകയാണ് ഇത്കൊണ്ടു് സാധിച്ചിട്ടുള്ളതു്. സോഷ്യലിസത്തിൻെറ പശ്ചാത്തലത്തിലായിരിക്കണം ഇന്ത്യയുടെ രണ്ടാം പഞ്ചവത്സരപദ്ധതിജന്മമെടുക്കുന്നത്.

രണ്ടാം പഞ്ചവത്സരപദ്ധതി ഇന്നു് രൂപമെടുത്തുകൊണ്ടിരിക്കയാണ്. അതിൽ സുപ്രധാനമായ ഒരു പങ്കു് വഹിക്കുന്ന പ്രശ്നമാണ് ഇന്ത്യൻ വ്യവസായപ്രശ്നം. ഇന്ത്യയുടെ വ്യവസായം ഏതു് രൂപത്തിലുള്ളതായിരിക്കണം? വൻകിടവ്യവസായങ്ങളോ ചെറുകിടവ്യവസായങ്ങളോ? തൊഴിലില്ലാത്തവരുടെ ഒരു വമ്പിച്ച ജനസംഖ്യ ഇന്നു് ഇന്ത്യയിലുണ്ടു്. തന്നെയല്ല കൊല്ലംതോറും അവരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കയുമാണ്. രണ്ടാമതായി 'മൂലധനം' വ

മ്പിച്ച തോതിലുള്ളമൂലധനമിറക്കി വ്യവസായം ചെയ്യത്തക്ക രീതിയിലുള്ള ഒരു സാമ്പത്തിക സ്ഥിതി ഇന്ന് നമുക്കില്ല. അഥവാ ഉണ്ടായാൽത്തന്നെ അതിൽ വളരേ ചുരുക്കം ആളുകൾക്ക് മാത്രം ജോലികൊടുക്കാനെവൻകിടവ്യവസായങ്ങൾക്ക് കഴിയൂ. അപ്പോൾ നാം ഒരു നിഗമനത്തിലെത്തിച്ചേരുകയാണ്. ഇന്ത്യക്ക് ഇന്നത്തെനിലക്ക് പററിയത് ഒരിക്കലും വൻകിട വ്യവസായം ആവാൻ തരമില്ല അപ്പോഴാണ് നാം പിന്തിരിഞ്ഞു നോക്കുന്നത്. രാഷ്ട്രപിതാവായ ഗാന്ധിജി എന്താണ് ഇതിനെപ്പററി പറഞ്ഞിരിക്കുന്നത്. അദ്ദേഹം വൻകിടവ്യവസായത്തിന് എതിരാണ്. ഒരു കാര്യം ശരിയാണ്. ഒരു രാജ്യത്തിന്റെ ഉൽക്കർഷം ആ രാജ്യത്തിന്റെ വ്യാവസായികാഭിവൃദ്ധിയാണ്. അതിനു കൂടുതൽ പററിയത് എപ്പോഴും വൻകിടവ്യവസായങ്ങളുമാണ്. പക്ഷെ ഇന്ത്യയെ അദ്ദേഹം ഉപദേശിച്ചിട്ടുള്ളത് ചെറുകിടവ്യവസായങ്ങളെ പോഷിപ്പിക്കുവാനാണ്. അതിനുള്ള പ്രധാന കാര്യങ്ങളും മേൽപറഞ്ഞ വയാണ്.

അതുകൊണ്ട് ശുഷ്കിച്ച സാമ്പത്തിക സ്ഥിതിയും വമ്പിച്ച തൊഴിലില്ലായ്മയുമുള്ള ഇന്ത്യയിൽ നമുക്ക് അനുകരിക്കാൻ എളുപ്പമുള്ളത് ചെറുകിട വ്യവസായങ്ങളാണ്. നിത്യോപയോഗസാധനങ്ങൾ നിർമ്മിക്കുക അത് ഇന്ത്യയെ സംബന്ധിച്ചേടത്തോളം അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. ചിലവ് ചുരുക്കവും ആദായവർദ്ധനവും കൂടുതൽ ആളുകൾക്ക് ജോലിയുണ്ടാക്കിക്കൊടുക്കലുമാണ് നാം ഇതിൽ ചെയ്യേണ്ടത്. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്ക് ഒരു പരിഹാരം കാണുകയാണെങ്കിൽ നാം വിജയിച്ചു. അതിൽ തീർച്ചയായും വൻകിടവ്യവസായങ്ങളേക്കാളും ഉപകരിക്കുക കുടിൽവ്യവസായങ്ങളാണ്. രാഷ്ട്രപിതാവിന്റെ ആശയങ്ങൾ രണ്ടാം പഞ്ചവത്സരപദ്ധതിക്ക് വഴിതെളിയിക്കട്ടെ. ഇതിന്ന് കളരിയുടെ അകം നിറഞ്ഞ ആശംസകൾ.

# പദ്യസാഹിത്യം

## പതിനൊന്നാംനൂററാണ്ടിൽ.

കുഞ്ഞിരാമൻ നായർ, നെല്ലായ.

പദ്യസാഹിത്യത്തിന്റെ ചരിത്രത്തിലേയ്ക്ക് കണ്ണോടിക്കുമ്പോൾ 1000മുതൽ 1100വരെയുള്ള കാലം നമ്മുടെ പ്രത്യേക സ്മരണക്കുമുമ്പിൽ നില്ക്കുന്നതായികാണാം. അദ്ഭുതപൂർവ്വമായ ഒരു വളർച്ചയാണ് ആ വർഷങ്ങളിൽ ഉണ്ടായിട്ടുള്ളത്. ഈ കാലത്തിൽ ഭാഷാലോകത്തിൽ പഴയ പ്രസ്ഥാനങ്ങൾ അസ്തമിയ്ക്കുകയും പുതുമയുടെ പൂന്തേൻ പൊഴിച്ചുകൊണ്ട് പല പ്രസ്ഥാനങ്ങളും അവിർഭവിയ്ക്കുകയുംചെയ്തു.

പത്താംനൂററാണ്ടിന്റെ ആരംഭത്തിൽ സരസ്വതീസമ്പന്നരായ കവീന്ദ്രൻ കോയിത്തമ്പുരാനേയും, രവിവർമ്മൻ തമ്പിയേയും, സകല കലാവല്ലഭനായ സ്വാതിതിരുനാൾ മഹാരാജാ തിരുമനസ്സിനേയും സാഹിത്യശ്രീകോവിലിൽ കാണാൻ കഴിയും. കൊടുങ്ങല്ലൂർ ഇളയതമ്പുരാനും ഇതേകാലത്തിൽ ശ്രേഷ്ഠനായ ഒരു കവിയായിരുന്നു.

ഇക്കാലത്ത് കാണുന്ന കൃതികളധികവും ആട്ടക്കഥകളാണ്. ഇത്രയധികം ആട്ടക്കഥകൾ അതിന്ന് മുമ്പും പിമ്പും ആവിർഭവിച്ചിട്ടില്ല. കൊച്ചിമഹാരാജാ തിരുമനസ്സുകൊണ്ടുതന്നെ നൂറിലധികം ആട്ടക്കഥകൾ നിർമ്മിച്ചിട്ടുണ്ട്. പദലാളിത്യം, രസപുഷ്ടി, ശബ്ദാലങ്കാരപ്രയോഗം മുതലായവയിൽ അന്നത്തെ ആട്ടക്കഥകൾ ഏററവും പ്രശംസനീയമാണ്. അവയിൽ സിംഹഭാഗവും ഇന്ന് അച്ചടിയന്ത്രം കാണാതെ കിടക്കുകയാണ്. ആട്ടക്കഥകളുടെ കർത്താക്കളിൽ വിദ്വാൻ കോമ്പിഅച്ഛൻ, മകംതിരുനാൾ കോയിത്തമ്പുരാൻ, ഇലത്തൂർ ശാസ്ത്രി മുതലായവർ പ്രത്യേകം സ്മരണീയരാണ്. രാവണവിജയം, മുചുകുന്ദമോക്ഷം, പാരിജാതഹരണം, നീലാസുരവധം, ശാകുന്തളം തുടങ്ങിയവ ആട്ടക്കഥകളിൽ വിശിഷ്ടകൃതികളായി കണക്കാക്കുന്നു. ഇതിൽനിന്ന്- മനസ്സിലാകുന്നത് പ്രാചീനകേരളീയർ കഥകളിയിൽ അധികം വ്യുല്പത്തി നേടിയവരായിരുന്നു എന്നാണ്.

എന്നാൽ ആട്ടക്കഥകളുടെ പുരോഗതി നാടകത്തിന്റെ ആവിർഭാവത്തോടെ അസ്തമിത പ്രായമായി കേരളവർമ്മയുടെ ശാകുന്തളം ജനതയിൽ അമിതമായ നാടകാവേശം ഉളവാക്കി. മന്നാടിയാരുടെ ജാനകീപരിണയവും, ഉത്തരരാമചരിതവും അതിനെത്തുടർന്ന് പുറത്തുവന്നവയാണ്. പിന്നീട് നാടകത്തിന്റെ 'നാലഞ്ചുകളിയായി'. മഹാവീരചരിതം, പ്രസന്നരാഘവം, തപതീസംവരണം, അനർഘരാഘവം, വേണീസംഹാരം, വിക്രമോർവ്വശീയം, മാളവികാഗ്നിമിത്രം മുതലായവ ഭാഷാന്തരങ്ങൾ ലഭിച്ച കൃതികളാണ്. തുടർന്ന് കേരളത്തിലുള്ള എല്ലാ കവികളും നാടകകൃത്തുക്കളായി. അവയിലെല്ലാം ലളിതമായ ഗദ്യപദ്യങ്ങളും സംഗീതവും പുതുമപരത്തിയിരുന്നു. രാമക്കുറുപ്പിന്റെ 'ചക്കീചങ്കരം' ഹാസസാഹിത്യത്തിന്ന് ഒരനർഘരത്നം തന്നെയായി ഇന്നും വിലസുന്ന കൃതിയാണ്.

ചമ്പുക്കളുടെ കാലമാണടുത്തത്. പരാശ്രയം കൂടാതെ ഇക്കാലത്ത് സ്വതന്ത്രമായ ചില ചമ്പുക്കളുണ്ടായി. ഉഷാകല്യാണം, ഗൌരീപരിണയം, സുജാതോദ്വാഹം തുടങ്ങിയവ സ്വന്തമായ ചമ്പുക്കളാണ്. സംസ്കൃതത്തിൽനിന്ന് പലകൃതികളും ഇക്കാലത്ത് ഭാഷാന്തരം വരുത്തിയിട്ടുണ്ട്.

ഒരുകാലത്ത് അഭിവൃദ്ധിയുടെ പരമമേഖലയിലായിരുന്ന സന്ദേശകാവ്യങ്ങൾ പില്ക്കാലത്ത് അധഃപതിച്ചുപോയി. രണ്ട് സ്വതന്ത്രകൃതികളെന്ന് തികച്ചും അഭിമാനിക്കാവുന്ന കോയിത്തമ്പുരാന്റെ മയൂരസന്ദേശവും വിപ്രസന്ദേശവും ഒട്ടനേകം സന്ദേശകാവ്യങ്ങൾക്ക് മാർഗ്ഗദർശിത്വം നല്കി. ശബ്ദാർത്ഥപ്രയോഗത്തിലും ആശയഗാംഭീര്യത്തിലും മയൂരസന്ദേശം മാഹാത്മ്യമേറിയ ഒരു കൃതിയാണ്. ഉണ്ണുനീ

ലി സന്ദേശത്തിന്റെ പ്രകാശനം മുതൽ സന്ദേശകാവ്യങ്ങളുടെ കാലമായിമാറി. വിപ്രസന്ദേശം, ഹംസസന്ദേശം, കോകിലസന്ദേശം, ശുകസന്ദേശം തുടങ്ങിയ കൃതികൾ സന്ദേശങ്ങളുടെ വർഗ്ഗത്തിൽ രത്നങ്ങൾ തന്നെയാണ്.

സന്ദേശകാവ്യങ്ങളിൽ പലതിനും പലകാലങ്ങളിലായി വൃത്താനുവൃത്തമായും മററും ഭാഷാന്തരം സിദ്ധിച്ചിട്ടുണ്ട്. സംസ്കൃതകാവ്യത്തിന്റെ ക്രമപ്രവൃദ്ധമായ ഉൽക്കർഷത്തിന്ന് മഹാകാവ്യങ്ങൾ തികച്ചും ഭാഗഭാക്കാണ്. മഹാകാവ്യങ്ങളുടെ ആവിർഭാവം തന്നെ ഇക്കാലത്താണെന്ന് പറയാം. അഴകത്ത് കുറുപ്പിന്റെ രാമചന്ദ്രവിലാസമാണ് ആദ്യത്തെ മഹാകാവ്യം. മാഘൻ, ഭാരവി തുടങ്ങിയവരുടെ ശബ്ദവൈചിത്ര്യങ്ങളെ ഭാഷയ്ക്ക് ഒന്നാമതായി പരിചയപ്പെടുത്തിയതു് കുറുപ്പാണ്. ഉള്ളൂരിന്റെ ഉമാകേരളവും രുഗ്മാംഗദചരിതവും രാമചന്ദ്രവിലാസത്തിന്റെ പിന്തുടർച്ചക്കാരാണ്. ഭാഷയിൽ രണ്ടാമതുണ്ടായ കാവ്യം 'പാണ്ഡവോദയ' (കൊച്ചുണ്ണിത്തമ്പുരാൻ) മാണെന്ന് പറഞ്ഞുവരുന്നു. ചിത്രയോഗവും കേശവീയവും എണ്ണപ്പെട്ട കാവ്യങ്ങൾ തന്നെയാണ്.

സ്തോത്രകാവ്യങ്ങൾക്ക് ഒരു കാലത്ത് നല്ല പ്രചാരമുണ്ടായിരുന്നുവെന്നതിന്ന് പാദപത്മശതകം, ആര്യാശതകം, ദേവീസ്തവം, ലക്ഷ്മീസ്തവം, അംബികാഷ്ടപ്രാസം തുടങ്ങിയ സ്തോത്രതല്ലജങ്ങൾ സാക്ഷ്യം വഹിക്കുന്നു. സംസ്കൃതഭാഷയിലെ അമൂല്യരത്നങ്ങളാണ് നാരായണീയം, സൌന്ദര്യലഹരി, ശിവപാദാദികേശസ്തവം തുടങ്ങിയവ. നടുവത്ത് മഹൻ നമ്പൂതിരി, ഒറവങ്കര, കൊച്ചുണ്ണിത്തമ്പുരാൻ, വെണ്മണി നമ്പൂതിരിമാർ, ശീവള്ളി തുടങ്ങിയവർ ഇക്കാര്യത്തിൽ അനുഗ്രഹീതരാണ്.

കിളിപ്പാട്ട്, ഗാഥ, വഞ്ചിപ്പാട്ട് എന്നിവകളും അതാതുകാലത്തായി അഭിവൃദ്ധിവന്നിട്ടുണ്ട്. മന്നാടിയാരുടെ ഹാലാസ്യമാഹാത്മ്യം, മേനവന്റെ സ്കന്ദപുരാണം, ശാമുമേനവന്റെ ഭഗവൽഗീത, ദേവിഭാഗവതം, കൊച്ചുണ്ണിത്തമ്പുരാന്റെ ഭാഗവതം, ഗാഥ തുടങ്ങിയ കൃതികൾ കേരളീയ ഗൃഹങ്ങളിലിന്നും പാരായണം ചെയ്തുവരുന്നവയാണ്. മഹിഷ്മർദ്ദനവും, തപതീ സംവരണവും അജാമിളമോക്ഷവും വഞ്ചിപ്പാട്ടിൽ വിഖ്യാതമായ കൃതികളാണ്. പാനകളുടെ മഞ്ജരിയിൽ തോരണയുദ്ധം, ഭദ്രോല്പത്തി, ഭൂതനാഥോത്ഭവം, ആത്മബോധം മുതലായവ പ്രോജ്ജ്വലിതമായി പ്രശോഭിക്കുന്നു.

മഹാകാവ്യങ്ങളുടെ കാലത്തിനുശേഷം ഖണ്ഡകാവ്യങ്ങളാണ് പ്രചാരത്തിൽ വന്നതു്. പദ്യസാഹിത്യത്തിന്റെ ഈ ശാഖ ഇന്നേററവും അഭിവൃദ്ധിയിലെത്തിയിട്ടുണ്ട്. കേരളചിന്താമണി, കംസൻ, കാവ്യപ്രഭാവം, ശകുന്തള, സുദർശനം അങ്ങിനെ ഖണ്ഡകാവ്യത്തിന്റെ പട്ടിക നീണ്ടതാണ്. കട്ടപ്പുറനമ്പിയാർ, ബാലകൃഷ്ണപ്പണിക്കർ, രാമൻപിള്ള തുടങ്ങിയ കവികൾ ഖണ്ഡകാവ്യത്തിന്റെ അക്കാലത്തെ അമരക്കാരാണ്. ശൃംഗാരരസപ്രധാനങ്ങളായ ഖണ്ഡകാവ്യങ്ങളും ഭാഷയിൽ കുറവല്ല. അമരുശതകം, ശൃംഗാരശതകം, വിലാസലതിക, പുഷ്പബാണവിലാസം തുടങ്ങിയ കൃതികൾ ഭാഷയിൽ ആ പ്രസ്ഥാനത്തിന്റെ പ്രതിനിധികളാണ്.

കുമാരനാശാൻ ഖണ്ഡകാവ്യത്തെ പരിഷ്കരിച്ച് ആസ്വാദ്യമോഹനമാക്കിത്തീർത്തു 'വീണപൂവ്' വിസ്മരിക്കാൻ വയ്യാത്തൊരു സാഹിത്യരത്നമാണ്. പ്രരോദനം, ദുരവസ്ഥ, കണ്ണുനീർത്തുള്ളി തുടങ്ങിയ ഗ്രന്ഥങ്ങൾ കാലത്തിന്റെ കയ്യിന്ന് മാററാൻ കഴിയാത്ത ഉത്തമ രത്നങ്ങളാണ്.

ഉപദേശകൃതികൾക്കും ഭാഷയിൽ വളർച്ചവന്നിട്ടുണ്ട്. കെ. സി. യുടെ സുഭാഷിതരത്നാകരം, കർത്താവിന്റെ ഭർത്തൃഹരി, സി. എൻ. രാമൻപിള്ളയുടെ ഉപദേശശതകം മുതലായവ സന്മാർഗ്ഗോപദേശകങ്ങളായ കൃതികളാണ്.

അടുത്തകാലത്തായി ആവിർഭവിച്ച ഒരു പ്രസ്ഥാനമാണ് ലഘുകൃതികൾ സമാഹരിച്ച് പ്രസിദ്ധപ്പെടുത്തൽ. ഭാഷയുടെ പുരോഗതിക്ക് പ്രയോജനകരമായ ഈ പ്രസ്ഥാനമാണ് ഇന്നേററവും നിലവിലുള്ളതു്. സാഹിത്യമഞ്ജരി, കാവ്യോപഹാരം, താരഹാരം, സാഹിതീലത എന്നിവ ഇടത്തരക്കാർക്ക് മാർഗ്ഗദർശിതം നല്കിവന്ന സമാഹാരകൃതികളാണ്.

അച്ചടിശാലകൾ കാണാതെ കിടന്നിരുന്ന പല പുരാതന സാഹിത്യരത്നങ്ങൾക്കും ഈ ശതാബ്ദത്തിലാണ് പ്രകാശനത്തിന്ന് സാദ്ധ്യമായതു്. കവനോദയം, മലയാളമനോരമ, ഭാഷാപോഷിണി, വി

# കാവ്യനടനം.

കെ. ടി. ഭാസ്കരൻ

I

അനുപമസുന്ദര ഗാനശതങ്ങൾ
കരളിൽ വിടൎന്നു വരുന്നല്ലോ!
കരുണയിരക്കും കവിതേ, നീയൊരു
നടനം ചെയ്യുക മമ മുന്നിൽ!
    നീലിമ നിറയും കുന്നിൽ നിന്നൊരു
    നീലക്കുയിലിന്നൊലിപൊങ്ങി.
    കവിയുടെ കരളിൽ കവിതവരുംപോ-
    ലടിവെച്ചടിവെച്ചണയുന്നു,
    പീലിവിടൎത്തിയുയൎത്തിയ മയിലൊ-
    ന്നാമലമരതക മുടിതന്മേൽ!
മഞ്ജുളമാ,മക്കുന്നിൻ മാറിൽ
മിന്നുന്നുണ്ടൊരു വെണ്മാടം.
അതിലൊരു വനകുസുമമെന്നതുപോലെ
തരുണിയൊരുത്തിയിരിക്കുന്നു!
അവളെ കണ്ടപ്പോളെൻ കരളൊരു
കവിതയ്ക്കുറവിടമായല്ലോ!
നിസ്തുലമാമ സൗന്ദൎയ്യത്തിൽ
ചിത്തം പുളകമണിഞ്ഞല്ലോ!
കരയാതെന്നുടെ കരളേ, നീയിനി
കവിതയിലൂടെ ച്ചിരിപകരൂ!

II

    തെരുവിൽ കണ്ടേനന്നൊരുനാളഞ്ഞാ-
    നൊരുയാചകിതൻ ചരിതങ്ങൾ!
    തെരുവാണവളുടെ ഭവനം; ഭക്ഷണ-
    മുമിനീ,രെന്തൊരവശതകൾ!
    പട്ടും, മല്ലും, ലിനനും മററും
    കെട്ടിയപട്ടണഹൃദയത്തിൽ
    കീറിടാത്തൊരു മുണ്ടുലഭിയ്ക്കാൻ
    നീറുകയാണായുവഹൃദയം
    പോൎത്തീടുകയാണാളുകൾ രാത്രിയി-
    ലാ,യാചകിയുടെ ചാരിത്രം!
    കണ്ണീ'രവളുടെ കണ്ണീർ കാണാൻ
    കണ്ണില്ലല്ലോ ലോകത്തിൽ!
കരളിൽ കൺകൾ വിടൎന്നപ്പോളൊരു
കവിതവിടൎന്നെന്നാത്മാവിൽ!
കരളേ, യിനിമേൽ കരയാതേ, നീ
കവിതരചിയ്ക്കാനനുനിമിഷം!
    ചുററും ജീവിതയാഥാൎത്ഥ്യങ്ങൾ
    ചുററുപിണഞ്ഞു കിടക്കുമ്പോൾ,
    കരളേ, ഭാവനയാകിയനൗകയി-
    ലതുകാണാൻ നീയെത്തുമ്പോൾ,
    കവിതകൾ വിടരും നിന്നിൽ, നീയതു
    നവലോകത്തിനു കണികാട്ടു!
    കരളിലുദിക്കും കവിതേ, നിന്നുടെ
    കഴിവുകളനുപമമാണല്ലോ!!
കരുണയിരക്കും കവിതേ, നീയൊരു
നടനംചെയ്യുക മമ മുന്നിൽ!!!

ദ്യാവിനോദിനി, മംഗളോദയം, കാവ്യമഞ്ജരി, കവനകൗമുദി മുതലായ മാസികകൾ പദ്യസാഹിത്യത്തിനു് അനുഷ്ഠിച്ച സേവനം അപരിമേയമാണ്. മറെറാരുനേട്ടം മുദ്രാലയപ്രകൎത്തകന്മാർ ഈ വിഷയത്തിൽ കാണിച്ച ഉത്സാഹമാണ്.

എന്നാലും, പദ്യസാഹിത്യത്തിന്റെ ഉൽക്കൎഷത്തിനു് ഉതകുന്ന ശാസ്ത്രീയ ഗ്രന്ഥങ്ങൾ അക്കാലത്തു് വളരെ വിരളമായിരുന്നു. വൃത്തമഞ്ജരി, സമൃതമാല, കേരളകൗമുദി, കവിതാഭരണം, ഭാഷാഭൂഷണം, ലീലാതിലകം, ഇത്രയും മാത്രമാണ് വൃത്തം, അലങ്കാരം മുതലായവയെക്കുറിച്ചു് പ്രതിപാദിച്ചിരുന്ന ഗ്രന്ഥങ്ങൾ.

കവികളും കൃതികളും ഈ ശതാബ്ദത്തിൽ അസംഖ്യം ഉണ്ടായിട്ടുണ്ടു്. അവയിലധികവും ഗുണപുഷ്കലങ്ങളുമാണ്. സാഹിത്യത്തിന്റെ ക്രമോൽക്കൎഷത്തിനു് വിധേയരായ പ്രധാനവ്യക്തികളെ മാത്രമേ ഇവിടെ എഴുതിട്ടുള്ളൂ. അവയെപ്പററി സമഗ്രമായ ഒരു വിവരണം നല്കുവാൻ കഴിഞ്ഞിട്ടില്ല. പല കവികളും കൃതികളും ഇനിയും സാഹിത്യവേദിയിലുണ്ടു്. ഭാഷയുടെ ഉന്നതിയ്ക്കുവേണ്ടി ഈ ശതവൎഷത്തിൽ ജീവിച്ച പണ്ഡിതന്മാരും കവികളും ചെയ്ത പ്രയത്നം തികച്ചും ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്നു് പിൽക്കാലങ്ങളിലുണ്ടായിട്ടുള്ള കൃ തി ക ളി ൽ നിന്നു് അനുമാനിക്കാം.

# കേരളത്തിലെ സാംസ്കാരിക നവോത്ഥാനം

പി. നരേന്ദ്രനാഥ്

ഈയ്യിടെ ഒരു സംസ്കാരിക സമ്മേളനത്തിൽ പങ്കെടുക്കാൻ പോയ അവസരത്തിൽ എനിക്കൊരനുഭവമുണ്ടായി. ഉൽഘാടകൻെറയും മററു പ്രാസംഗികന്മാരുടേയും പ്രസംഗങ്ങൾ കഴിഞ്ഞു. ഉപസംഹാരപ്രസംഗത്തിന്ന്, അദ്ധ്യക്ഷനെന്ന നിലക്ക് ഞാൻ എഴുന്നേററു. തദവസരത്തിൽ ഏകദേശം പതിന്നാലോ പതിനഞ്ചോ വയസ്സുമാത്രം പ്രായമുള്ള ഒരു പയ്യൻ പ്ലാററ്ഫോമിലേക്ക് 'ചടചടാ' കേറിവന്ന് എൻെറ ചെവികളിൽ പതുക്കെ പറഞ്ഞു. "എനിക്കും ഒന്ന് പ്രസംഗിക്കണം!"

ഞാൻ വാസ്തവത്തിൽ അത്ഭുതപ്പെട്ടുപോയി!

കേവലം പതിന്നാലുവയസ്സുമാത്രം പ്രായംചെന്ന ഒരു ബാലൻ ആയിരക്കണക്കിന്നാളുകൾ അണിനിരന്നിരിക്കുന്ന ആ യോഗത്തിൽ പ്രസംഗിക്കാൻ ആശിക്കുന്നു. "കുറച്ചുകൂടി മുതിരുമ്പോൾ ഇത്തരം യോഗങ്ങളിൽ പ്രസംഗിക്കാം. ഇപ്പോൾ തൽക്കാലംവേണ്ട" ഞാൻ ആ കുട്ടിയോട് പറഞ്ഞു. 'പത്തു മിനിട്ട് സമയം തന്നാൽമതി' അതൊരു യാചനയായിരുന്നു. അവസാനം ആ ബാലൻെറ അഭ്യത്ഥനക്ക് ഞാൻ വഴങ്ങിക്കൊടുത്തു ആ 'പുതിയ പ്രസംഗികനെ' ഞാൻ സദസ്യർക്ക് പരിചയപ്പെടുത്തി. താൻ യാതനയനുഭവിക്കുന്ന ഒരു വിദ്യാത്ഥിയാണെന്ന് പറഞ്ഞുകൊണ്ട് വിദ്യാത്ഥിലോകത്തെ ഇന്നഭിമുഖീകരിച്ചിരിക്കുന്ന പ്രശ്നങ്ങളെ ആ കൊച്ചുപ്രാസംഗികൻ വിവരിച്ചു. ആ ഭാഷക്ക് പറയത്തക്ക അടക്കം ചിട്ടയുമൊന്നുമുണ്ടായിരുന്നില്ല. പക്ഷെ ആ സ്വരം ആവേശഭരിതമായിരുന്നു അക്ഷരങ്ങൾ വ്യക്തമായിരുന്നു: ആശയങ്ങൾ യാഥാത്ഥ്യമായിരുന്നു.

എനിക്ക് ആ വിദ്യാത്ഥിസമൂഹത്തിനോട് എന്തെന്നില്ലാത്ത ബഹുമാനം തോന്നി.

പലസ്ഥലങ്ങളിലും ഇത്തരത്തിൽ, അല്ലെങ്കിൽ ഇതിനോട് സാമ്യപ്പെട്ടരീതിയിൽ, ഉള്ള അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. നമ്മുടെ മിക്ക പ്രാസംഗികന്മാക്കും ഇത്തരം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

ഏതായാലും ഒരുകാര്യം വളരെ വ്യക്തമാണ്. ഒരു പുതിയ തലമുറ ഉദിച്ചുയരുകയാണ്. ആവേശവും ഉന്മേഷവും നിറഞ്ഞ യുവത്വത്തിൻെറ കാഹളധ്വനി എങ്ങും കേൾക്കാം. പുതിയ കവികളും, കഥാകൃത്തുക്കളും, ഗാനരചയിതാക്കളും ചിത്രമെഴുത്തുകാരും ഈ പുതിയ തലമുറയിൽ അണിനിരന്നിട്ടുണ്ട. ആയിരമായിരം കവിതകളും ചെറുകഥകളും നാടകങ്ങളും ഒഴുകിവരുന്നുണ്ട്. മുൻപ്രസ്താവിച്ചപോലെ, നല്ല കഴിവുള്ള പ്രഗത്ഭരായ പ്രാസംഗികന്മാർ വളന്നുവരുന്നുണ്ട്.

ഈ കാലഘട്ടത്തിൻെറ മറെറാരു പ്രാധാന്യമാണ് പെരുകിവരുന്ന കലാസാംസ്കാരിക സംഘടനകൾ. എവിടെ പത്തു യുവാക്കന്മാർ ഒത്തുചേരുന്നുവോ അവിടെ ഒരു യുവജനസംഘടന അല്ലെങ്കിൽ കലാസമിതി രൂപീകൃതമാകുവാൻ ഇന്ന് ഒരു വിഷമവുമില്ല. നാട്ടിൻെറ ഓരോ മുക്കിലും മൂലയിലും കൂടി കലാസമിതികൾ പുതുതായി രൂപമെടുത്തിട്ടുണ്ട്. മറെറാരു പ്രധാനസംഗതി, ഈ സംഘടനകൾ ചുമ്മാ കയ്യുംകെട്ടിയിരിക്കുകയല്ല എന്നതാണ്. അവർ സമ്മേളനങ്ങൾ നടത്തുന്നുണ്ട്. നാടകങ്ങൾ പഠിച്ച് അരങ്ങേറുന്നുണ്ട്, ചർച്ചാസമ്മേളനങ്ങൾ നടത്തുന്നുണ്ട്, അങ്ങിനെ നാടിൻെറ സാംസ്കാരികമുതൽക്കൂട്ടിലേക്ക് പല മികച്ച സംഭാവനകളും ചെയ്യുന്നുണ്ട്. ഈ സാംസ്കാരിക യുവജന സംഘടനകളിൽ ഒട്ടുമുക്കാലും തന്നെ ഇന്നാട്ടിലെ പുരോഗമനത്തിൻെറ ഭാഗത്താ

ണ്; അനാധിപത്യപ്രഖ്യാപനത്തിന്റെ ശക്തിയിലാണ്. ഇതാണ് [illegible] ആളിന്റെ [illegible] ചില റിപ്പബ്ലിക്കുകളെക്കൊണ്ട് [illegible] സ്വയം 'സ്വപ്നലോകം' [illegible] ഒന്ന 'ജനതയു'ടെ ആധിപത്യത്തിലായിനാം കലയും സാഹിത്യവും ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ തുടങ്ങിയിരിക്കുന്നുവെന്നാണ് മേൽപ്പറഞ്ഞ കാര്യങ്ങൾ തെളിയിക്കുന്നത്. ഇന്ന് നമ്മുടെ കണ്മുന്നിൽ കേളനും മറിയച്ചേട്ടത്തിയും നാടകനായകന്മാർ ഈ പുതിയ നവോത്ഥാനത്തിലെ പങ്കാളികളാണ്. അവരിലും കവികളും ഗായകന്മാരുമുണ്ട്. നാടകങ്ങളും നടന്മാരുമുണ്ട്.

ഈ നവോത്ഥാനത്തിനുള്ള കാരണം എന്താണ്?

ഏതൊരു നാടിന്റെയും സാമ്പത്തികരംഗത്തുള്ള പരിവർത്തനങ്ങൾ, സാമൂഹ്യരംഗത്തുള്ള പരിവർത്തനങ്ങൾ, ആ നാടിന്റെ പൊതുസാംസ്കാരികരംഗത്തും ആവശ്യമായും ബാധിക്കും. അവകാശങ്ങൾ നേടിയെടുക്കുവാൻവേണ്ടി കൃഷിക്കാരും തൊഴിലാളികളും ഇടത്തരക്കാരും, അവരവരെ പ്രതിനിധാനം ചെയ്യുന്ന സംഘടനകളിൽക്കൂടി സുസംഘടിതമായി മുന്നോട്ട് നീങ്ങുന്നതിന്റെ സജീവചിത്രങ്ങൾ ഇന്ന് നമ്മുടെ മുന്നിലുണ്ട്. വയലുകളിലും ഫാക്ടറികളിലും ബാങ്ക് സ്ഥാപനങ്ങളിലും, ഗവർമ്മെണ്ട് തൊഴിൽസ്ഥാപനങ്ങളിലും അവകാശപ്രഖ്യാപനത്തിന്റെ സ്വരം അലതല്ലുകയാണ്. സാമ്പത്തികവും സാമൂഹ്യവുമായ അടിമത്വത്തിൽനിന്ന് കുതറി വെളിച്ചത്ത് ചാടുവാൻ വെമ്പൽ കൊള്ളുന്ന ഒരു പുതിയ ജനതയുടെ നാട്ടിലാണ് നാമിന്ന് ജീവിക്കുന്നത്. ആ ജനതയുടെ സുന്ദരങ്ങളായ ആശകളും അഭിലാഷങ്ങളും തന്നെയാണ് സാംസ്കാരികരംഗത്തെ വിഷയം. സാമൂഹ്യസാമ്പത്തികരംഗത്തെ ഈ സംഘട്ടനത്തിൽനിന്നും ഉളവാകുന്ന ആശയങ്ങൾ ജനങ്ങളുടെ ഹൃദയത്തിൽ ഓളംവെട്ടുകയാണ്. ആ ആശയങ്ങൾ ഭാവനയുടെ ചിറകിൽ ചിറകുവിടർത്തി പാറിപ്പറക്കാൻ വെമ്പൽകൊള്ളുന്നതിന്റെ ഉദാഹരണങ്ങളാണ് നാമിന്ന് കാണുന്നത്. അതുതന്നെയാണ് ഈ നവോത്ഥാനവും.

## സ്തംഭനം എവിടെ?

കേരളത്തിലെ പുരോഗമനസാഹിത്യകാരന്മാർ ഈ വാസ്തവം വേണ്ടത്ര കാണുന്നില്ലെന്നാണ് എന്റെ അഭിപ്രായം. കോട്ടയത്തുവെച്ചു ചേർന്ന അഖില കേരള പുരോഗമനസാഹിത്യസമ്മേളനത്തിൽ ഇക്കാര്യം ഗൗരവമായ ചർച്ചക്ക് വിഷയീഭവിക്കുകയുണ്ടായില്ല.

ഈ സാംസ്കാരികനവോത്ഥാനത്തിന്റെ പ്രാധാന്യം ഈ കാലഘട്ടത്തിന്റെ പ്രാധാന്യമാണ്. ഈ വാസ്തവം മറ്റാരെക്കാളും കൂടുതൽ മനസ്സിലാക്കേണ്ടത് കേരളത്തിലെ പുരോഗമനസാഹിത്യകാരന്മാരാണ്. എന്നാൽ മാത്രമേ സാംസ്കാരികരംഗത്തെ പ്രശ്നങ്ങളെ സംഘടിതമായി നേരിടാൻ സാധിക്കുകയുള്ളൂ. സ്തംഭനത്തെയും അധഃപതനത്തെയും പ്രതിനിധീകരിക്കുന്ന ശക്തികൾ ഇവിടെ പ്രസക്തങ്ങളല്ല, അവ വിമർശനപരമാവുകയുമില്ല.

സാംസ്കാരികസംഘടനകൾ സഗൗരവം ശ്രദ്ധിക്കേണ്ടതായ, ഇന്ന് തീരെ ശ്രദ്ധിക്കുന്നില്ലാത്ത, കാര്യങ്ങൾ നിരവധിയുണ്ട്. മനുഷ്യന്റെ മാനസികവികസനത്തെ അടിച്ചമർത്തുന്ന നിയമങ്ങൾ ഇന്നും നിലവിലുണ്ട്. വിദ്യാഭ്യാസരംഗത്തെ പോരായ്മകൾ എണ്ണമറ്റവയാണ്. നമ്മുടെ സാംസ്കാരികവളർച്ചയുടെനേരെ വാളോങ്ങിനിൽക്കുന്ന ഒരു സാമൂഹ്യശക്തി ഇന്നും നിലനിൽപുണ്ട്. വികൃതമായ പരിപാടികളുടെയും പ്രവർത്തനരാഹിത്യത്തിന്റെയും അഭാവം മൂലം സാംസ്കാരികസംഘടനകൾ നശിക്കുന്നുണ്ട്. ഇതിനെയെല്ലാം കവച്ചുവെക്കുന്ന മറ്റൊരു ഭീകരപ്രശ്നം—ഒരു പുതിയ ആറ്റമിക് യുദ്ധത്തിന്റെ പ്രശ്നം—ഇന്ന് മനുഷ്യരാശിയെ അലട്ടിക്കൊണ്ടിരിക്കുകയാണ്. ഇത്തരം കാതലായ പ്രശ്നങ്ങളിൽ സാംസ്കാരികസംഘടനകളുടെയും വളർന്നുവരുന്ന കലാകാരന്മാരുടെയും ശ്രദ്ധയെ കേന്ദ്രീകരിക്കുവാനും, ഈ പ്രശ്നങ്ങൾ പരിഹരിച്ചുകിട്ടുവാനുള്ള സമരത്തിൽ അവരെ അണിനിരത്തുവാനും നമ്മുടെ സാഹിത്യകാരന്മാർക്ക് കഴിയണം. അതാണ് ഇന്ന് കേരളത്തിലെ പുരോഗമനസാഹിത്യകാരന്മാരുടെ കർത്തവ്യമെന്ന് ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുന്നു.

—*—

ചെറുകഥ

# “……………അദ്ദേഹം……….ദൈവമാണ്…………….!…….”

ടി. എസ്സ്. ഗോപാലകൃഷ്ണൻ ബി. കോം.

അവന്റെ മസ്തിഷ്കം ചൂളംവിളിച്ചു. അങ്ങിനെ ചിന്തിച്ചുതുടങ്ങിയിട്ട് മണിക്കൂർ മൂന്നുകഴിഞ്ഞു. ഉത്തരമൊന്നും അവന്ന് കിട്ടിയില്ല. അവസാനം എന്തോ നിശ്ചയിച്ചമാതിരി മണിപേഴ്സ് എടുത്തു കീശയിലിട്ട് കുടയുമെടുത്ത് ആ ചൊരിയുന്ന മഴയിൽ അവനിറങ്ങിനടന്നു.

കോരിച്ചൊരിയുന്ന മഴ. തണുവുകൊണ്ട് ലക്ഷ്മിയമ്മയുടെ അംഗങ്ങൾ മരവിച്ചും, ആഹാരമില്ലായ്മയാൽ ശരീരം തളർന്നും പോയിരുന്നു. കൂരിരുട്ടിൽ മിന്നിമിന്നി പ്രകാശിക്കുന്ന വിളക്കിന്നടുത്ത് ലക്ഷ്മിയമ്മയും മകളും അങ്ങിനെ അന്ധകാരാവൃതമായ അവരുടെ ഭാവിയെക്കുറിച്ച് ചിന്തിച്ചിരിക്കുകയായിരുന്നു. ലക്ഷ്മിയമ്മയുടെ മകൾ ശാരദ—മധുവിധുവിന്റെ മാദകലഹരി മുഴുവനും നുകരുന്നതിന്ന് മുമ്പ് തന്റെ പ്രാണനാഥനെ നഷ്ടപ്പെട്ട അവൾ—പട്ടിണിയുടെ കൊടുമയാൽ തളർന്നുറങ്ങുന്ന നാലുവയസ്സുമാത്രം പ്രായമായ തന്റെ കുഞ്ഞിനെനോക്കി നെടുവീർപ്പിട്ടു.

അവർ ഇരുവരും ഭീമമായ ഒരു പ്രശ്നത്തിന്ന് ഉത്തരം കണ്ടുപിടിക്കുവാൻ ശ്രമിക്കുകയായിരുന്നു. അന്നു വൈകുന്നേരമാണ് വീട്ടുടമസ്ഥൻ അവിടെവന്ന് അവസാനമായി വാടകചോദിച്ച് കോപിച്ച് മടങ്ങിയത്. “നാളെത്തന്നെ തന്നില്ലെങ്കിൽ പെട്ടിയും കലവും മുഴുവനും റോട്ടിലേയ്ക്കെറിഞ്ഞുകളയും…………” ക്രോധംതാടക്കൂടിയ അയാളുടെ ആ വാക്കുകൾ അവരിരുവരുടേയും ചെവികളിൽ മുഴങ്ങി. ശാരദ തന്റെ ദുർബ്ബുദ്ധിയോർത്ത് പശ്ചാത്തപിച്ചു അവളുടെ കവിളുകളിൽക്കൂടി രണ്ടു നീർച്ചാലുകൾ പാഞ്ഞിരുന്നു. ദുഃഖിച്ചു ദുഃഖിച്ചു ലക്ഷ്മിയമ്മയുടെ ഹൃദയം മരച്ചുപോയി. ദിവസം മൂന്നായിരുന്നു ആ കുടുംബം പച്ചവെള്ളം കഴിച്ചിട്ട്! അവരെവിടെനിന്ന് ഇരുപത് ഉറുപ്പികയുണ്ടാക്കും. വിശപ്പടക്കാൻ വയ്യാത്ത അവരെങ്ങിനെ വീട്ടുവാടക കൊടുക്കും?

നിശ്ശബ്ദമായ നിരവധി നീണ്ട നിമിഷങ്ങൾ അങ്ങിനെ കടന്നുപോയി. ഒടുവിൽ കണ്ണീർതുടച്ചു ഏതോ ഒരു നിശ്ചയത്തിലെത്തിച്ചേർന്നതുപോലെ ശാരദ പറഞ്ഞു. “അമ്മേ……..മതി……..വ്യസനിക്കേണ്ടാ……..നാളെ അദ്ദേഹം വരുമ്പോൾ പറയു നിശ്ചയമായും മറ്റന്നാൾത്തന്നെ ഇരുപതുറുപ്പിക കൊടുക്കാമെന്ന്……..എനിക്കറിയാം താരുണ്യം നശിക്കാത്ത ഒരു സ്ത്രീക്ക് പണമുണ്ടാക്കാൻ വിഷമമില്ലെന്ന്. വ്യഭിചാരികളെന്ന് മുദ്രകുത്താൻ വെമ്പൽകൊള്ളുന്ന സമുദായം അവരിൽ ഒരൊറ്റവ്യക്തിയുടേയും ബുദ്ധിമുട്ടുകളിൽ സഹായിപ്പാൻ വരുന്നുണ്ടോ?………..” അവളുടെ സംസാരത്തിൽ ഒരു തീരുമാനത്തിലെത്തിയതിന്റെ ലക്ഷണമുണ്ടായിരുന്നു.

“മ……..ക……..ളേ…….” എന്നു പറഞ്ഞു കരയുവാനല്ലാതെ ലക്ഷ്മിയമ്മയ്ക്കു വേറെ യാതൊരു ഗതിയുമുണ്ടായിരുന്നില്ല.

“ആരുമില്ലേ ഇവിടെ?”

കോരിച്ചൊരിയുന്ന ആ മഴയിലും അന്ധകാരത്തിലും ആരാണ് അന്വേഷിച്ചു വന്നിരിക്കുന്നത് എന്നു നിശ്ചയിക്കുവാൻ കഴിയാതെ ലക്ഷ്മിയമ്മയും മകളും അമ്പരന്നു. ഒരു ദൃഢനിശ്ചയത്തിലെത്തിച്ചേർന്ന ശാരദ ധൈര്യസമേതം ഒരു തിരികൊളുത്തി

യെടുത്തു "ആരാണീ അസമയത്ത്............?" എന്നു ചോദിച്ചുംകൊണ്ട് വാതിൽ തുറന്നു.

"വീട്ടുടമസ്ഥന്റെ മകൻ..........!!" അറിയാതെതന്നെ മന്ത്രിച്ചു, അവളുടെ ദേഹമാസകലം വിദ്യുച്ഛക്തി വ്യാപരിച്ചപോലെ സ്തബ്ധയായി നിന്നുപോയി. ആ നേരത്ത് അവൻ അവിടെ വരേണ്ട ആവശ്യം? അവളുടെ ശരീരമാകമാനം കോരിത്തരിച്ചു. ഉടനെത്തന്നെ അവൾ തന്റെ തിരുമാനത്തെ സ്മരിച്ചു.

അത്രനേരവും അവിടെനിന്ന് അവൻ ആ സംഭാഷണം മുഴുവനും കേൾക്കുകയായിരുന്നു. അധികം കേൾക്കുവാൻ അശക്തനായിട്ടാണ് അവൻ വാതില്ക്കൽ മുട്ടിയത്.

"ഇപ്പോളിതിരിയ്ക്കട്ടെ..............നാളെ വാടക കൊടുക്കൂ" എന്നുപറഞ്ഞു അവൻ അയ്മ്പതുരൂപാ അവളുടെ നേരെ നീട്ടി. അടിയോടെ സ്തംഭിച്ചു നിന്നുപോയി ശാരദ. അവൾക്ക് അതിന്റെ അത്ഥം മനസ്സിലായില്ല. അവൾ അവന്റെ മുഖത്തേയ്ക്കു ഉററുനോക്കി.

"ഉം........ആട്ടെ........അഛൻ തിരക്കും............ ഞാൻ പോകട്ടെ" ഒരു ആജ്ഞാസ്വരത്തിലാണ് അവൻ പറഞ്ഞത്. വിവരിയ്ക്കാനാവാത്ത ഏതോ ഒരു വികാരത്താൽ പ്രേരിതയായി ശാരദ പതുക്കെ തന്റെ മരിവിച്ച കൈയ്യുകൾനീട്ടി ആ അഞ്ചു പത്തുരൂപ്പിക നോട്ടുകൾ വാങ്ങി. പെട്ടെന്ന് വീശിയ കാററിന്റെ ശക്തിയാൽ അവളുടെ കയ്യിലുണ്ടായിരുന്ന തിരി കെട്ടുപോയി. ധ്രുതഗതിയിൽ അകത്തു വന്നു തിരി വീണ്ടും കൊളുത്തിയശേഷം അവൾ പടിയ്ക്കൽവന്നു നോക്കുമ്പോഴേയ്ക്കും അവൻ ഇരുളിൽ മറഞ്ഞുകഴിഞ്ഞിരുന്നു.

* * * *

ദീർഘചിന്തനയിലാണ്ടിരുന്ന അവന്റെ ചെവികളിൽ വീണ്ടും ആ വാക്കുകൾ ചെനുതറച്ചു. 'അമ്മേ, എനിയ്ക്കു പച്ചവെള്ളം വേണ്ട അമ്മേ. വല്ലതും തിന്നുവാൻ തരൂ അമ്മേ........ഞാൻ വിശന്നു ചാകുന്നു അമ്മേ........" ശാരദയുടെ പൊന്നുമകന്റെ ശബ്ദമായിരുന്നു അത്. അവന്റെ ഹൃദയത്തിൽ ഒരു ഇടിമിന്നൽ വീശി കഠിനമായ ആ തണുപ്പത്തു ഭക്ഷണമില്ലാതെ കിടന്നുവലയുന്ന ആ മൂന്നു ഹൃദയങ്ങളെക്കുറിച്ചു ആലോചിച്ചപ്പോൾ അവൻ നടുങ്ങിപ്പോയി.

ക്ഷണനേരം കളയാതെ അവൻ നടന്നു. അടുത്ത കടയിൽപോയി ഭക്ഷണസാധനങ്ങളും വാങ്ങി അവൻ ആ വാതില്ക്കൽമുട്ടി. വിശപ്പടക്കാൻ സാധിയ്ക്കാത്ത അവക്ക് നിദ്രാദേവിയുടെ മടിയിലെങ്കിലും സുഖമായി വിശ്രമിയ്ക്കുവാൻ സാധിച്ചു.

അസമയത്തു വാതില്ക്കൽ മുട്ടുന്ന ശബ്ദം കേട്ട് ഞെട്ടിയുണർന്ന ശാരദ തിരി തെളിയിച്ചു വാതിൽ തുറന്നുനോക്കി. അവളറിയാതെതന്നെ ശബ്ദിച്ചു "നീ ങ്ങൾ........നിങ്ങൾ........!...." അതു് ഒരു ചോദ്യമോ അത്ഭുതമോ എന്നു വ്യക്തമായില്ല

"ഇതാ........ഇതു നിങ്ങളെല്ലാവരുംകൂടി കഴിപ്പിൻ" എന്നുപറഞ്ഞു അവൻ ആ ഭക്ഷ്യസാധനങ്ങൾ താഴെവെച്ചു അന്ധകാരത്തിൽ മറഞ്ഞുപോയി. ശാരദയുടെ മസ്തിഷ്കത്തിൽ നിരവധി കൊള്ളിമീനുകൾ പാഞ്ഞു. അവന്റെ പ്രവൃത്തികളുടെ ഉത്തരം അവൾക്കു മനസ്സിലായില്ല.

കാലചക്രം അങ്ങിനെ ഉരുണ്ടുകൊണ്ടിരുന്നു. നാട്ടുകാർ ശാരദയുടെ വീട്ടിലെ മാററങ്ങൾ കണ്ടു രഹസ്യമായി സംസാരിപ്പാൻ തുടങ്ങി. ശാരദ എന്തോ നിശ്ചയിച്ചിട്ടെന്നപോലെ ഒരു ദിവസം അവനെ അവിടേയ്ക്കു ക്ഷണിയ്ക്കുവാൻ നിശ്ചയിച്ചു. ഒരു ചെറുപ്പക്കാരൻ പ്രതിഫലമൊന്നുംവാങ്ങാതെഒരു കുടുംബത്തിലേയ്ക്കു ധനസഹായംചെയ്യു!! അവൾ ചുഴിഞ്ഞാലോചിച്ചു അതിന്റെ അർത്ഥം കണ്ടുപിടിയ്ക്കുവാൻ. വ്യഭിചരിയ്ക്കാൻ പുറപ്പെട്ട അവൾക്കു ആരായാലെന്താ? മാത്രമല്ല ഇന്നു് അവർ അവനോട് കടപ്പെട്ടവരാണ്. അവന്റെ തൃപ്തിയ്ക്കായി തന്റെ സർവ്വസ്വവും ബലികഴിപ്പാൻ അവൾ നിശ്ചയിച്ചു.

"ഒന്നിത്രത്തോളം വന്നിട്ടുപോയാൽ........" അ

വൾ കുറച്ചു ഉറക്കെ വിളിച്ചു പറഞ്ഞു. അവൾക്കറിയാം ദിവസവും സന്ധ്യയ്ക്കു അവൻ ആ വഴിയിൽ കൂടി കടന്നുപോകുമെന്നു്.

ഗൌരവത്തിൽ അവൻ തിരിഞ്ഞുനോക്കി.

“ഞാൻതന്നെയാണ് വിളിച്ചതു്. ഇത്രടം ഒന്നു വന്നിട്ടു പോയാൽ......ഒരു കാര്യം പറയുവാനുണ്ടായിരുന്നു........” ലജ്ജയുടേയും മര്യാദയുടേയും കവാടങ്ങൾ ഭേദിയ്ക്കുവാൻതന്നെ ശാരദ നിശ്ചയിച്ചിരുന്നു.

അവൻ പടിയ്ക്കൽത്തന്നെ നിന്നു ചോദിച്ചു. “എന്തിനാണ് വിളിച്ചതു്”?

അല്പം സംശയത്തോടെയെങ്കിലും ദൃഢമായ സ്വരത്തിൽ ശാരദ പറഞ്ഞവസാനിപ്പിച്ചു “അല്പം നീണ്ടകാര്യമാണ്. തണുപ്പത്തു അവിടെതന്നെ നില്ക്കേണമെന്നില്ല. അകത്തു വന്നിരുന്നാൽ........”

അവന്നു് അവളെ അനുസരിയ്ക്കാതെ നിവൃത്തിയുണ്ടായിരുന്നില്ല. അവൻ ആ മുറിയിൽ കടന്നെത്തും അവളും അകത്തു കടന്നു വാതിൽ ചാരി. വൃത്തിയായി സൂക്ഷിച്ചിരുന്ന ഒരു കിടപ്പുമുറിയായിരുന്നു അതു്.

“ആ കട്ടിലിൽതന്നെ ഇരിയ്ക്കാം........” ശാരദ ഒരു ഹൃദയമിടിപ്പോടെ പറഞ്ഞു.

ഏതോ ഒരു സംശയം ബാധിച്ചവനെപ്പോലെ അവൻ, താരുണ്യം തുളുമ്പിനില്ക്കുന്ന അവളുടെ മുഖത്തേയ്ക്കും ശരീരത്തിലേയ്ക്കും മാറിമാറി നോക്കി. അവൾക്കതിലധികം അടക്കി നിർത്താൻ സാധിച്ചില്ല. “അനാഥരായ ഞങ്ങൾ ഇന്നു അവിടുത്തെ കനിവു കൊണ്ടാണ് കഴിയുന്നതു്. അതിന്നു് ഞങ്ങൾ അവിടുത്തോടു് എന്നും കൃതജ്ഞതയുള്ളവരായിരിയ്ക്കും. അവിടുന്നു ഞങ്ങൾക്കു ചെയ്തുതന്ന ഉപകാരങ്ങൾക്ക് എങ്ങിനെയാണു ഞാൻ പ്രത്യുപകാരം ചെയ്യുക എന്നു എനിയ്ക്കുതന്നെ അറിഞ്ഞുകൂടാ. എന്റെ മാതാവും പിഞ്ചുകുഞ്ഞും ഏതു നിലയിലാണിരുന്നതു എന്നു ആലോചിയ്ക്കുമ്പോൾ ഞാൻ അങ്ങയ്ക്കു എന്തു ചെയ്താലാണു പ്രത്യുപകാരമാവുക എന്നു എനിയ്ക്കറിയില്ല. ഇതാ ഞാൻ എന്റെ സർവ്വസ്വവും അവിടുത്തേക്കായിത്തന്നെ സമർപ്പിച്ചിരിക്കുന്നു. ഈ ദേഹവും മാത്രമല്ല ഇവിടെ കാണുന്ന എല്ലാംതന്നെ അവിടുത്തേതാണ്. അങ്ങക്കു ഇഷ്ടമുള്ളവിധം ഇവയെ ഉപയോഗപ്പെടുത്താം.

സമുദായം ഒരുപക്ഷെ ഇതിൽ കുററം കണ്ടേക്കാം. ഞാനതിനെ ഭയപ്പെടുന്നില്ല. വേശ്യാത്വത്തെ വെറുക്കാനും അതിനെ അപഹസിപ്പാനുംമാത്രം മുന്നിട്ടുനില്ക്കുന്ന സമുദായം എപ്പോഴെങ്കിലും അവരുടെ അപ്പുറത്തേക്കുള്ള ചരിത്രത്തിലേക്ക് എത്തിനോക്കിയിട്ടുണ്ടോ? ഇതാ താരുണ്യം അലതല്ലുന്ന എന്റെ ഈ ദേഹം അവിടുത്തേക്കായി കാഴ്ചവെച്ചിരിക്കുന്നു. ഞാൻ അതിന്നു് കടമപ്പെട്ടവളാണ്............” എന്നു പറഞ്ഞുകൊണ്ടു അവൾ അവന്റെ കാൽക്കൽ വീഴാനായി മുട്ടുകുത്തി.

“സഹോദരീ...........” എന്നു പറഞ്ഞുംകൊണ്ടു് ക്ഷണത്തിൽ അവൻ അവളുടെ കൈകൾ പിടിച്ചെഴുനേല്പിച്ചു അവളെ ആ ഉദ്യമത്തിൽനിന്നും വിരമിപ്പിച്ചു.

ശാരദ ചഞ്ചലഹൃദയയായി ദീർഘമായി നിശ്ശ്വസിച്ചുകൊണ്ടു അവന്റെ മുഖത്തേക്കു നോക്കി അത്ഭുതപ്പെട്ടുപോയി. വീട്ടുടമസ്ഥന്റെ മകന്റെ–അല്ല ചുടുള്ള യുവരക്തംതിളക്കുന്ന ആ യുവാവിന്റെ–കണ്ണുകളിൽനിന്നും രണ്ടു കണ്ണീർ ചാലുകൾ പ്രവഹിക്കുന്നു!

“സഹോദരീ നിങ്ങളെന്നെ തെററിദ്ധരിച്ചു” ഇടറിയ തൊണ്ടയോടെ അവൻ പറഞ്ഞു. “അല്ല ഇന്നത്തെ സമുദായം അത്രത്തോളമേ പുരോഗമിച്ചിട്ടുള്ളു. ലോകത്തെ ഒട്ടാകെ നിങ്ങൾ ഒരു അളവുകോൽകൊണ്ടു അളന്നു. ഞാൻ നിങ്ങൾക്കെന്തെങ്കിലും ഒരു ചെറിയ ഉപകാരം ചെയ്തിട്ടുണ്ടെങ്കിൽ അതു ഒരിക്കലും പ്രതിഫലേച്ഛയോടുകൂടിയല്ല. ദൈവഗത്യാ ഒരു ധനികകുടുംബത്തിൽ പിറക്കാനിടവന്നു എങ്കിലും മനുഷ്യത്വവും സംസ്കാരവും എന്നെ കൈവെടിഞ്ഞിട്ടില്ല. ധനികന്മാരുടെ ഇടയിലുമുണ്ട് മനുഷ്യർ! വിശപ്പുകൊണ്ടും പട്ടിണികൊണ്ടും അലറുന്ന സമുദായത്തോടു്, അതിലെ ഉ[illegible]നേതാക്കന്മാർ എന്നഭിമാനിക്കുന്ന കൂട്ടർക്കു ഒരു കടമയുണ്ടു്. ആ കടമയെ ഓർത്തു്, മനുഷ്യൻ മനുഷ്യനുചെയ്യേണ്ട കർത്തവ്യബോധം മാത്രമാണ് നിങ്ങൾക്കെന്തെങ്കിലും

# ഞാൻ.

ടി. എൻ. ജയചന്ദ്രൻ

ഭയപ്പെടേണ്ട! എന്നെക്കുറിച്ചല്ല ഞാനെഴുതാൻ പോകുന്നത്; 'ഞാൻ' എന്നതിനെക്കുറിച്ചാണ്. മനസ്സിലായില്ല; അല്ലേ? സാരമില്ല. അല്പമൊന്നു വിശദീകരിക്കാം. ഞാൻ എന്ന ആത്മനിഷ്ഠമായ യാഥാർത്ഥ്യത്തെക്കുറിച്ചല്ല 'ഞാൻ' എന്ന സങ്കല്പ (Concept)ത്തെക്കുറിച്ചാണ് എനിക്കെഴുതേണ്ടത്. സാധാരണ സംഭാഷണവേളകളിൽ നാം ഇടയ്ക്കിടെ ഉപയോഗിക്കാറുള്ള തികച്ചും സാധാരണമായ ഒരു പദമാണ് 'ഞാൻ' "ഞാനതു ചെയ്യും!" "ഞാനതു ചെയ്യാതെ അടങ്ങുകയില്ല!" എന്നൊക്കെ സന്ദർഭാനുസരണം നാം അട്ടഹസിക്കാറുണ്ട്. പക്ഷെ 'ഞാൻ' എന്ന സാധാരണപദത്തിനു പുറകിലുള്ള അസാധാരണ ശക്തിവിശേഷമെന്താണെന്നോ, സവിശേഷപ്രാധാന്യമെന്താണെന്നോ നമ്മിലെത്രപേർ ആലോചിച്ചു കാണും?

വളരെപ്പേരൊന്നും ആലോചിച്ചുകാണുകയില്ല എന്നെനിക്കു പൂർണ്ണബോദ്ധ്യമുണ്ട്. 'ഞാൻ' എന്നതു സാധാരണോപയുക്തവും, സാധാരണ ഗതിയിലുള്ളതുമായ ഒരു പദമാണെങ്കിലും അതിന്റെ അർത്ഥവ്യാപ്തി ആ രണ്ടക്ഷരങ്ങളിലൊതുങ്ങി നില്ക്കുന്നില്ല. 'ഞാൻ' എന്നപദം അതുപയോഗിക്കുന്ന പ്രത്യേക വ്യക്തിയെ മാത്രം കുറിക്കുന്ന ആത്മനിഷ്ഠമായ (Subjective) ഒരു ശബ്ദമായിട്ടാണ് സാധാരണയായി കണക്കാക്കി വരാറുള്ളത്. ആത്മനിഷ്ഠമായ ആ പദത്തെ, വസ്തുനിഷ്ഠമായ (Objective) ഒരു വീക്ഷണകോണിലൂടെ നോക്കിക്കാണാനാണ് ഈ ലേഖകന്റെ ശ്രമം

'ഞാൻ' എന്ന പദത്തിന് പ്രത്യേകമായൊരു ശക്തി നൽകുന്നതെന്താണ്? നാമറിഞ്ഞോ അറിയാതെയോതന്നെ നമ്മിലോരോരുത്തരും ഏററവും കൂടുതൽ സ്നേഹിക്കുന്ന, ഇഷ്ടപ്പെടുന്ന, ശ്രദ്ധിക്കുന്ന ആളാണ് ഈ 'ഞാൻ' പരോപകാരത്തെക്കുറിച്ചും ത്യാഗത്തെക്കുറിച്ചും ശ്രവണസുന്ദരമായ ഗിരിപ്രഭാഷണങ്ങൾ നടത്താറുള്ള ആളുകൾപോലും ഏററവുമധികം ത്യാഗം ചെയ്യാൻ തയ്യാറുള്ളത്, (വ്യാകരണവിദഗ്ദ്ധന്മാർ എതിർക്കാതിരിക്കുമെങ്കിൽ) 'ഞാനി'നുവേണ്ടിയായിരിക്കും. താനൊന്നുള്ള ബോധം, തനിക്കുവേണ്ടിയെന്ന വിചാരം, എല്ലാററിലുമുപരിയായിരിക്കണം താനെന്ന അഭിലാഷം—ഇതിന്റെയെല്ലാം പ്രതീകമാണ് 'ഞാൻ'. മനുഷ്യന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള ഒരു സ്വഭാവവിശേഷമുണ്ട്. മനുഷ്യന്റെ

---

ചെയ്യുവാൻ എന്നെ പ്രേരിപ്പിച്ചത്. എനിക്കറിയാം ഒരുരൂപാ തികച്ചും കാണാത്ത നിങ്ങളുടെ ഇരുപതുരൂപാ വാടകയില്ലെങ്കിലും എന്റെ അച്ഛനു കഴിഞ്ഞുകൂടുവാൻ കഴിയുമെന്നു്. മാത്രമല്ല ധനികരാണെന്നു അഭിമാനിക്കുന്ന ഇക്കൂട്ടർ അനാവശ്യമായി ചിലവുചെയ്യുന്നതിന്റെ ഒരു അംശം സാമൂഹ്യോൽക്കർഷത്തിന്നായി നീക്കിവെക്കുന്നപക്ഷം ഈ ദുഃസ്ഥിതി വരുമായിരുന്നില്ല.

മററുള്ള ചെറുപ്പക്കാരെപ്പോലെ എന്നെയും നിങ്ങൾ കരുതിയതിൽ എനിക്ക് അതീതമായ വ്യസനമുണ്ട്. വിദ്യയും, സംസ്കാരവും, കർത്തവ്യബോധവും ഉണ്ടെന്നുനടിച്ചാൽപോരാ അതു പ്രായോഗിക ജീവിതത്തിൽ വരുത്തുന്നവനാണ് യഥാർത്ഥമനുഷ്യൻ. ഇത്രയും ഒരൊററ ശ്വാസത്തിൽപറഞ്ഞുതീർത്തു. വാതിൽ ബലമായി തുറന്നു അവൻ അവിടെനിന്നും ഓടിമറഞ്ഞു.

"ആരാണ്..........വന്ന... ........ആരു?"എന്നു ചോദിച്ചുംകൊണ്ടുവന്ന ലക്ഷ്മിയമ്മയോടു ശാരദ വിങ്ങി വിങ്ങിക്കരഞ്ഞുംകൊണ്ടു മറുപടി പറഞ്ഞു. "അമ്മേ........അദ്ദേഹം........അദ്ദേഹം........ദൈവമാണ്!........" അവൻ പോയ വഴിയിലെ മണൽത്തരികൾ എടുത്തു അവൾ ശിരസ്സിൽ ധരിച്ചു.

........

എല്ലാ പ്രവൎത്തികളേയും അവധാനപൂൎവ്വം അനവധാനംചെയ്തു് അവയെ മനഃശ്ശാസ്ത്രപരമായി വിശകലനം ചെയ്താൽ നമുക്കു കണ്ടെത്താൻ കഴിയുന്ന ഒരു മൂലശക്തിയുണ്ടു്. അതിനെ സ്വാതന്ത്ര്യമെന്നു വിളിക്കുന്നതു ശരിയായിരിക്കുകയില്ല; കാരണം അതിന്നു് ചീത്തയായ എന്തോ ഒന്നിന്റെ മണമുണ്ടു്. വായനക്കാർ അനുവദിക്കുകയാണെങ്കിൽ, ഓരോ മനുഷ്യനിലും അന്തർലീനമായി കിടക്കുന്ന ശക്തിയായ ആ വികാരവിശേഷത്തിന്നു് ഞാനൊരു പേരിടാം— 'ആത്മപ്രഭാവം' എന്നു്. ഇംഗ്ലീഷിൽ 'ഈഗോ' (Ego) എന്നു പറയുന്ന ഒന്നുണ്ടല്ലോ അതുതന്നെ. സാധാരണയായി നാം പറയാറുള്ള 'സ്വന്തംകാൎയ്യം സിന്ദാബാദ്'ന്റെ പ്രതിരൂപമല്ലിതു്. അത്രയും അധഃപതിച്ചിട്ടില്ലിതു; അതിനേക്കാൾ വളരെയേറെയൊന്നും ഉയൎന്നതുമല്ല. പിന്നെ എന്താണതു്?

ഞാനൊരു വിശകലനത്തിനു ശ്രമിക്കാം. മനുഷ്യന്റെ വളൎച്ചയുടെ ആദ്യഘട്ടത്തിലേക്കൊന്നു കണ്ണോടിക്കുവാൻ അനുവദിച്ചെങ്കിലേ അതിനു സാധിക്കു.

ഭാഷയില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. മനുഷ്യൻ സമൂഹമായി ജീവിച്ചിരുന്ന ഒരു കാലം; അജ്ഞാതമായ ആദ്യത്തിൽനിന്നു് കുറെയേറെ മുന്നോട്ടു പോന്ന ഒരു കാലഘട്ടം. മൃഗങ്ങളെ വേട്ടയാടിത്തുടങ്ങിയിരുന്ന മനുഷ്യർ; അതു വേവിച്ചു തിന്നാൻ പഠിച്ചു് കഴിഞ്ഞിരുന്നില്ലെങ്കിലും. കൂട്ടായ ഒരുതരം പ്രാകൃതജീവിതം. അവരെല്ലാം ഒന്നുപോലെയായിരുന്നു. ഒററയ്ക്കൊററക്കു് നിരവധിപേരല്ല; പ്രത്യുത, എല്ലാവരും കൂടിച്ചേൎന്ന ഒരു സമൂഹം. ബഷീറിന്റെ മജീദിന്റെ ഭാഷയിൽ പറഞ്ഞാൽ ഒരു "ഉമ്മിണി വല്യ ഒന്നു്!" വളരെയേറെ സമത്വസുന്ദരമായിരുന്ന—പ്രാകൃതരൂപത്തിലാണെങ്കിലും— ആ സമൂഹത്തിൽ വിഭേദത്തിന്റെ വിഷവിത്തു പാകിയതു് 'ഞാൻ' എന്ന സങ്കല്പമാണെന്നാണെന്റെ വാദം. ആദ്യമാദ്യം, ഏതെങ്കിലും മൃഗങ്ങളെക്കൊന്നാൽ, ഇന്നയാളാണു് കൊന്നതെന്നതിനെക്കുറിച്ചു് തക്കമുണ്ടായിരുന്നില്ല; കാരണം, എല്ലാവരും ഒന്നിച്ചാണു നായാട്ടിനു പോകാറുള്ളതു്. ഈ വാദഗതി സമൎത്ഥിക്കാൻ ഒരു സാങ്കല്പിക സംഭവത്തിന്റെ ക്രൂട്ടുപിടിക്കേണ്ടിവരുന്നു.

ഒരു ദിവസം ആ കൂട്ടത്തിലൊരു മനുഷ്യൻ സായാഹ്നസൂൎയ്യന്റെ ഉജ്ജ്വലമായ വൎണ്ണഭംഗിയാസ്വദിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവന്റെ കൂട്ടുകാരെല്ലാം മറേറതോ സംഘവിനോദത്തിലേർപ്പെട്ടിരിക്കുകയായിരുന്നു. അസ്തമനസൂൎയ്യന്റെ ജാജ്ജ്വല്യമാനമായ വൎണ്ണശബളിമ അവനെ ആകൎഷിച്ചു. വളൎന്നതെങ്കിലും അപക്വമായ അവന്റെ തലച്ചോറിൽ മായികമായ ആ ശക്തി ചില മുദ്രകൾ പതിച്ചു. താനറിയാതെതന്നെ അവൻ മുന്നോട്ടു നീങ്ങി. നീങ്ങി നീങ്ങി വളരെയേറെ ദൂരം അവൻ പിന്നിട്ടു. സൂൎയ്യനെ കാണാതായപ്പോളാണു് അവൻ കണ്ണുതുറന്നു ചുററും നോക്കിയതു്. താനൊരജ്ഞാതസ്ഥാനത്തു ചെന്നുപെട്ടിരിക്കുന്നു. ഒരു ശബ്ദം അവൻ കേട്ടു. പഴക്കംകൊണ്ടു്, പരിചയംകൊണ്ടു് അതൊരു മൃഗത്തിന്റെ ശബ്ദമാണെന്നവനു മനസ്സിലായി. അവൻ പിന്നെ മടിച്ചു നിന്നില്ല; അതിന്റെ നേരെ എടുത്തൊരു ചാട്ടം! മൃഗങ്ങളോടെതിരിടുന്നതിൽ കാലം അവനെ സുശിക്ഷിതനാക്കിയിരുന്നു. ഒരു ജീവന്മരണസമരംതന്നെ അവിടെ നടന്നു മനുഷ്യൻ ജയിച്ചു.

ആ മൃഗശരീരവും വലിച്ചുകൊണ്ടു് അവൻ കുറെയേറെ ദൂരം നടന്നു. കുറെ നടന്നപ്പോൾ, ദൂരെ തന്റെ സഖാക്കളുടെ പ്രാകൃതാട്ടഹാസം കേൾക്കായി. അവനതിനെ ലക്ഷ്യമാക്കിനടന്നു ബഹളം കൂട്ടിക്കൊണ്ടു് എന്തോ പ്രാകൃതവിനോദത്തിലേപ്പെട്ടിരുന്ന അവർ അത്ഭുതസ്തംബ്ധരായി തിരിഞ്ഞുനോക്കി. തങ്ങളുടെ കൂട്ടത്തിലൊരുവൻ ഒററക്കു് ഒരു മൃഗത്തെ കൊന്നുകൊണ്ടു വന്നിരിക്കുന്നു! അത്ഭുതം നിറഞ്ഞ കണ്ണുകളോടെ അവർ പരസ്പരം നോക്കി. ആംഗ്യം മൂലം അവർ അവനോടു് ചോദിച്ചിരിക്കണം.

"ആരാണിതിനെക്കൊന്നതു്?"

താനൊററക്കാണതിനെക്കൊന്നതെന്ന സുഖകരമായ അനുഭൂതിവിശേഷം അവന്റെ ചേതനയിൽ ഒരു കിരികിരിപ്പു (Irritation) ണ്ടാക്കിയിരിക്കണം. ആഹ്ലാദനിമഗ്നനായ, അസാധാരണവും അവ്യക്തവും അവാച്യവുമായ ഒരു വൈകാരികമണ്ഡലത്തിലേക്കു് താനറിയാതെതന്നെ ഉയൎന്ന, അവൻ അൎത്ഥവും രൂപവുമില്ലാത്ത ഒരു ശബ്ദം പുറപ്പെടുവിച്ചിരിക്കണം. "ഞാൻ" എന്നു്.

അതോടെയാണ് എല്ലാ കുഴപ്പങ്ങളുടേയും ആരംഭം. സുപ്രസിദ്ധതത്വചിന്തകനായ റൂസ്സോ പറയുന്നതുപോലെ, പ്രാകൃതാവസ്ഥ (State of nature) യിലെ മനുഷ്യന്റെ സമൂഹത്തിൽ 'എന്റെ' എന്ന സങ്കല്പമാവിർഭവിച്ചതോടെയാണ് എല്ലാ കുഴപ്പങ്ങളും ആവിർഭവിച്ചതു്. ആപറദീസയിൽ, സ്വകാര്യസ്വത്തിന്റെ രൂപത്തിലൊരു സർപ്പം പ്രവേശിക്കാനിടയായതും ഈ സങ്കല്പത്തിന്റെ മാസ്മരശക്തി മൂലമായിരിക്കണം.

ആദ്യമായി 'ഞാനെ'ന്നപദമുച്ചരിച്ച മനുഷ്യനിൽ, അതേവരെ അദൃശ്യമായിരുന്ന, തങ്ങളേക്കാൾ കവിഞ്ഞ ഏതോ അസാധാരാണശക്തി, മററുള്ളവർ കണ്ടിരിക്കണം. അവരുടെ ശിരസ്സുകൾ അവന്റെ മുമ്പിൽ താണിരിക്കണം; അവരുടെ കൈകൾ അവന്റെ മുമ്പിൽ തങ്ങളറിയാതെതന്നെ കൂമ്പിപോയിരിക്കണം. ആ മനുഷ്യൻ 'ഞാനെ'ന്ന സങ്കല്പമുപയോഗിച്ച് ആ അവസരം ബുദ്ധിപൂർവ്വം ചൂഷണം ചെയ്തിരിക്കണം.

ആ സങ്കല്പത്തിന് യഥാർത്ഥമായ വൈപുല്യം സിദ്ധിച്ചു, പിന്നീട് ഓരോരുത്തരും 'ഞാനെ'ന്ന പ്രതിരൂപത്തിനു പുറകിൽ താവളമുറപ്പിച്ച് തങ്ങൾക്കവേണ്ടി സംഭരണം തുടങ്ങി. 'ഞാൻ' എന്ന സങ്കല്പത്തിന്റെ ഒരു വികസിതരൂപം (Macrocosm) ആയിരിക്കണം, 'ഞങ്ങൾ' പക്ഷെ 'ഞങ്ങളി'ന്റെ പേരിൽ മിക്കവാറും എന്നല്ല എല്ലായ്പോഴുംതന്നെ സംസാരിക്കാറുള്ളതു് 'ഞനാ'ണ് എന്ന വസ്തുത വളരെയേറെ അത്ഭുതത്തിനു വക നൽകുന്നില്ലേ?

സുപ്രസിദ്ധചിന്തകനായ ബർട്രാൻഡ്റസ്സൽ, മൂന്നുതരം സംഘട്ടനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതു്.

മനുഷ്യനും പ്രകൃതിയും തമ്മിൽ.
മനുഷ്യനും മനുഷ്യനും തമ്മിൽ.
മനുഷ്യനും അവനും തമ്മിൽ.

ഇതിൽ മൂന്നാമത്തേതിന് അനന്യസാധാരണമായൊരുതരം പ്രത്യേകതയുണ്ടെന്നു തോന്നുന്നു. മനുഷ്യനും അവനിലെ 'ഞാനും' തമ്മിലുള്ള സംഘടനമായി ഇതിനെ വിശദീകരിക്കുന്നതിൽ വലിയ തെററുണ്ടാകാൻ വഴിയില്ല.

സാധാരണയായി ആത്മരം സംഘട്ടനങ്ങളുണ്ടാകാറുണ്ട്. മനുഷ്യനിലെ 'ഞാൻ' എന്ന ഭാവം ഒരുവശത്തും മനുഷ്യത്വം മറുവശത്തുംനിന്നുകൊണ്ട് തീവ്രമായ ആന്തരിക സംഘട്ടനങ്ങൾ നടക്കാറുണ്ട്. ഇത്തരം സംഘട്ടനങ്ങളിൽ, സാധാരണ ജനങ്ങളുടെ കാര്യത്തിലാണെങ്കിൽ, തുലാസ്സു താഴ്ത്തുന്നതു് 'ഞാനി'ന്റെ ഭാഗത്തേക്കായിരിക്കണം. അസാധാരണമായ ആത്മസംയമനം സാധിച്ചിട്ടുള്ള മഹാന്മാരുടെ കാര്യത്തിലാണെങ്കിൽ അതു് മനുഷ്യത്വത്തിന്റെ ഭാഗത്തേക്കായിരിക്കും ചായുന്നതു്.

താനറിഞ്ഞോ അറിയാതേയോ ഓരോ മനുഷ്യനും അവന്േറതായ ഒരു ജീവിതതത്വശാസ്ത്രത്തിനനുസരിച്ചാണ് ജീവിക്കുന്നതു്. അവന്റെ വാക്കുകളിൽനിന്ന്, നോക്കുകളിൽനിന്നു്, ചലനങ്ങളിൽനിന്ന് ക്രമപ്രവൃദ്ധമായ ചില നിയമങ്ങൾ കണ്ടെത്താനും അവ ചേർത്ത് അവന്റെ ജീവിതതത്വശാസ്ത്രം രൂപീകരിക്കാനും നമുക്കു സാധിക്കും. അതിനു മിക്കവാറും സാമാന്യസ്വഭാവമല്ല. ഒരു പ്രത്യേകസ്വഭാവമാണ് ഉണ്ടായിരിക്കുക. സാധാരണയായി ഈ ജീവിതതത്വശാസ്ത്രത്തിന്റെ അടിസ്ഥാനം, മുകളിൽപ്പറഞ്ഞ 'ഞാൻ' എന്ന സങ്കല്പമായിരിക്കും. എല്ലാററിലുമുപരിയായി സ്നേഹിക്കപ്പെടേണ്ടതു് 'ഞാൻ' ആണെന്ന ബോധമാണ് ഓരോ മനുഷ്യന്േറയും കർമ്മപരിപാടികൾക്ക് രൂപം നൽകുന്നതു്.

ചിലപ്പോൾ, 'ഞാൻ' എന്ന രണ്ടോ അതിലധികമോ സങ്കല്പങ്ങൾ ഒന്നായിചേർന്ന് 'നമ്മൾ' ആയിത്തീരാറുണ്ട്. അപൂർവ്വം ചില വൈവാഹികബന്ധങ്ങളിൽ ഇതു കാണാൻ സാധിച്ചെന്നുവരും. രണ്ടു 'ഞാൻ'കൾ ഒന്നിലൊന്ന് വിലീനമായിപ്പോകുന്ന അസാധാരണമായ ഒരവസ്ഥാവിശേഷമാണതു്. രണ്ടു 'ഞാൻ' ചേർന്ന ആ നമ്മളിന്ന് ശക്തികൂടിയെന്നിരിക്കും. ആ 'നമ്മളി'ലെ രണ്ടു 'ഞാനു'കളിലോരോന്നിന്േറയും ലക്ഷ്യം മററേ 'ഞാനി'ന്റെ സുഖവും സംതൃപ്തിയും പുരോഗതിയുമായിരിക്കും. പക്ഷെ, ഇത്തരം അത്ഭുതാവഹമായ രീതിയിൽ അഭിലഷണീയങ്ങളായ ബന്ധങ്ങൾ എത്രയെണ്ണംകാണുവാൻ സാധിക്കും? വിരലിലെണ്ണാൻ സാധിക്കുന്നത്ര മാത്രമല്ലേയുള്ള അവ?

# * ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി

ചങ്ങരംകുമരത്ത് ശങ്കരൻ.

രചനാഭംഗി, ലാളിത്യം, ഭാവഗാംഭീര്യം മുതലായ കാവ്യഗുണങ്ങൾകൊണ്ട് ഏതൊരുസഹൃദയനേയും കോൾമയിർകൊള്ളിയ്ക്കുവാൻ സമർത്ഥമായ ഒരു ഖണ്ഡകാവ്യമാണ് മഹാകവി വള്ളത്തോളിന്റെ ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി എന്ന ഈ ചെറുകവിത. ഭാരതചക്രവർത്തിയായിരുന്ന ഹുമയൂണിന്നു തിരുമുൽക്കാഴ്ച വെക്കാനായി ചതിപ്പണിയിൽ തന്റെ വാസസ്ഥലത്തേക്ക് കൊണ്ടുവരപ്പെട്ട ഒരു ഹിന്ദുസ്ത്രീയോട് ചക്രവർത്തിയുടെ വിശ്വസ്തസചിവനായ ഉസ്മാൻഖാൻ പറയുന്നു:

തസ്കരനല്ലഞാൻ; തെമ്മാടിയല്ല ഞാൻ;<br>
ധൃഷ്ടനല്ല ഞാൻ മുഗ്ദ്ധശീലേ;<br>
ദേവിതൻദാസ്യം കൊതിക്കമെന്നുള്ളത്തിൽഞാൻ<br>
ഈവീടിവിടേക്ക ദാസഗൃഹം.

തസ്കരനും ധൃഷ്ടനും മറ്റുമല്ലെങ്കിൽ ഈ ചതിപ്പണിയ്ക്ക് എന്തിന്നു തുനിഞ്ഞു എന്നതിന്നു മറുപടി പറയുന്നു:—

സാമാന്യപുരുഷനല്ല ഭുജിക്കേണ്ടു,<br>
ഭാമിനി, ദിവ്യമാം ത്വത്സൌന്ദര്യം;<br>
ഇപ്പീയൂഷത്തെസ്സൽപാത്രത്തിലാക്കാനാ-<br>
ണത്ഭുതശോഭനേ, മൽപ്രാരംഭം.

അവളുടെ ദിവ്യമായ സൌന്ദര്യം ഭുജിപ്പാനായി ഉൽകൃഷ്ടനായ ഒരാളെ ഏല്പിക്കാനാണത്രെ, അവളെ ബലാല്ക്കാരേണ കൊണ്ടുവന്നിട്ടുള്ളത്! ആ ഉൽകൃഷ്ടനായ അനുഭോക്താവ് ആരാണെന്നും പറയുന്നു.

നമ്മുടെ സാമ്രാട്ടാം പൊൻതിരുമേനിയായ്<br>
സമ്മേളിപ്പിക്കുവാൻ വേണ്ടിയത്രെ,<br>
ക്ഷേത്രത്തിൽനിന്നും തിരിച്ചുപോം ദേവിയെ<br>
സൂത്രത്തിൽ ഞാനിങ്ങുകൊണ്ടുപോന്നു.

ഹുമയൂൺചക്രവർത്തിയ്ക്ക് അവളെ കൂട്ടിക്കൊടുക്കുവാനാണ് താൻ ഈ സൂത്രപ്പണിയൊക്കെ എടുത്തത് എന്നു പറയുന്നു. പോരാതെ, ചക്രവർത്തിയുമായുള്ള വ്യഭിചാരംകൊണ്ടു ജാതിപോകയില്ലെന്നും ഉറപ്പു കൊടുക്കുന്നു.

---

ഇതൊരു പുതിയ തത്വമായി അവതരിപ്പിക്കുകയല്ല. തികച്ചും സാധാരണമായ ഒരു സങ്കല്പമാണത്. സാധാരണമായതുകൊണ്ടായിരിക്കാം, ആരും അതിനെക്കുറിച്ച് അധികമൊന്നും ശ്രദ്ധിക്കാത്തത്.

പക്ഷെ ഒന്നു തീർച്ചയാണ്. ജീവിക്കുന്ന ഈ സങ്കല്പത്തിന്റെ (living concept) ശക്തി അത്ഭുതാവഹമാണ്. ജീവിതത്തിന്നു രൂപവും ഭാവവും നല്കുന്നത്, പലപ്പോഴും നാശത്തിന്റെ വക്കിൽനിന്നു മനുഷ്യരെ പിടിച്ചു കയററുന്നത്, ജീവിതത്തിന്നു ആശയും ആവേശവും നൽകുന്നത് ഈ സങ്കല്പമാണ്.

പക്ഷെ, ഈ ചിത്രത്തിനൊരു മറുവശം കൂടിയുണ്ട്; കറുത്ത ഒരു മറുവശം. സാധാരണയായുണ്ടാകാറുള്ള എല്ലാ കലാപങ്ങൾക്കും, വ്യക്തിപരമായ സംഘട്ടനങ്ങൾക്കും, കാരണം ഈ സങ്കല്പമാണ്. മനുഷ്യത്വത്തിന്നും, മനുഷ്യന്റെ മറെറല്ലാ സദ്ഭാവനകൾക്കുമുപരിയായി 'ഞാൻ' എന്ന സങ്കല്പമുയരുമ്പോഴാണ് സംഘട്ടനം നടക്കുന്നത്; വിദ്വേഷത്തിന്റെ തീനാമ്പുകൾ ഉയിരെടുക്കുന്നത്; വൈരാഗ്യത്തിന്റെ നാശകാരിയായ സ്ഫോടനം നടക്കുന്നത്.

'ഞാൻ', ആത്മസ്നേഹത്തിന്റെ ഉറക്കുപാട്ടാണ്; വൈരാഗ്യത്തിന്റെ, പരദ്രോഹത്തിന്റെ ഉണർത്തുപാട്ടും. ചുരുക്കത്തിൽ, സാന്ദർഭികമായി രണ്ടു വിവിധ ഭാവങ്ങൾ കൈക്കൊള്ളാൻ കഴിയുന്ന ഒരു സവിശേഷ വികാരവിശേഷമാണ് 'ഞാൻ'. അതിന്റെ അസ്തിത്വം, അതിന്റെ പ്രവർത്തനം മനുഷ്യകത്തിന്റെ സമഗ്രമായ പുരോഗതിക്ക് വിഘാതമാണോ, അതോ സഹായകമാണോ? ഇക്കാര്യത്തെക്കുറിച്ച് കൂടുതൽ ചിന്തിച്ചിട്ടുള്ളവരുടെ അഭിപ്രായഗതികളറിയാൻ ഈ ലേഖകന്നു വളരെയേറെ കൌതുകമുണ്ട്.

…*…

“ജാതി പോകമെന്നോരു ചിന്തഭവതിതൻ
വാർതിങ്കളാനനത്തിൽക്കാണാറെല്ലേ;
[illegible]
ദുഷ്ടസ്ത്രീയെന്നാലും ദുഷ്ടസ്ത്രീതാൻ”

ജാതി പോകാത്തസ്ഥിതിക്ക് എത്ര വേണമെങ്കിലും വ്യഭിചരിക്കാമല്ലൊ. തദനന്തരം അയാൾ, ചക്രവത്തിയ്ക്കു് അവളിൽ എങ്ങിനെ അഭിനിവേശം ഉണ്ടായി എന്നും, മററും വലിയ വചാലതയോടുകൂടെ പറഞ്ഞു ഫലിപ്പിക്കാൻ ശ്രമിക്കുന്നു. ഉസ്താൻ ഖാൻെറ ഈ പ്രസംഗം കേട്ടപ്പോൾ പരിഭ്രാന്തയായ ആ സാധ്വസ്ത്രീ:

‘ധീരനാം രാജാവേ, സാധ്വവാം സ്ത്രീയുടെ
ചാരിത്രം പോക്കല്ലേ എന്നുണർത്തി
ക്ഷോണിധിതാവെ നാമിപ്പത്രപോലെ, താൻ
വാണമഞ്ചത്തിൽ ക്കമിഴ്ന്നുവീണാൾ.

............ ............ ............ ............

നേരം രാത്രിയായി; പട്ടണത്തിലെ ജനങ്ങൾ വാതിലുകളും ജനലുകളും മററും അടച്ചു നിദ്രയെ പ്രാപിച്ചുതുടങ്ങി. പക്ഷെ ഹുമയൂൺ ചക്രവത്തി, അദ്ദേഹത്തിൻെറ

‘ധൂപമാല്യാദിതൻ തൂമണം വീശുന്ന
ദീപോജ്വലിതമാം പള്ളിമച്ചിൽ’

ഏകാകിയായ് കിടക്കുകയാണ്. എന്തോ വിചാരത്തിൽ നിമഗ്നനായ അദ്ദേഹത്തിന്നു ഉറക്ക് തീരെ വരുന്നില്ല. കവി പറയുന്നു.

കൊട്ടാരം ചിന്തയിൽ ജാഗരം കൊള്ളുന്നു.
കൊച്ചുകുടിൽക്കത്രേ നിദ്രാസുഖം!

എത്ര വാസ്തവം! ഈദൃശചിന്തകളോ തോന്ന്യാസങ്ങളോ കുടിലുകളിൽ കാണുമോ! യഥാർത്ഥത്തിൽ ചക്രവത്തിയുടെ ഇപ്പോഴത്തെ ചിന്തകൾ രാജ്യഭരണകാര്യങ്ങളാകാൻ വഴിയില്ലെന്നു അദ്ദേഹത്തിൻെറ ശൃംഗാരോദ്യോതകമായ മുഖംവിളിച്ചുപറയുന്നുണ്ട് എന്നും കവിപറയുന്നു.

മന്മഥനെന്ന മഹാകവിയാകണ-
മിന്നതോ രാജ്യത്തിൻ ഗ്രന്ഥകാരൻ!

എത്ര മനോഹരമായ ഒരു പ്രയോഗം! ഇങ്ങിനെയിരിക്കെ ദൂരവായ ഒരു കാലൊച്ച പുറത്തളത്തിൽ കേൾക്കുന്നു; രാജാവ് ശ്രദ്ധിച്ചുകൊണ്ടു് കിടന്നു. ഉടനെ ഉസ്താൻഖാനും മേൽപറഞ്ഞ തരുണീരത്നവും രാജസന്നിധിയിൽ എത്തി. അവർ രണ്ടുപേരും ചക്രവത്തിയെ നമസ്കരിച്ചു. അതുകണ്ട്

സംഭ്രമംകിഞ്ചന സ്പഷ്ടമായ് പ്പോംവിധം
തമ്പുരാനങ്ങെഴുന്നേററിരുന്നു.
തീരെ തിരുവുള്ളിലൊരാതുള്ളൊന്നല്ലൊ,
ഈരുചിരോത്സവ പ്രാദുർഭാവം.

എന്നിട്ട് ചക്രവത്തി സാകൂതമായി ഉസ്താൻ ഖാനെ നോക്കി.

‘കാണിസ്സയായ് ‘വെച്ചേൻ പൊന്നുതൃക്കാല്ക്കലീ
മാണിക്യക്കല്ലിനെ’.

എന്ന് ഉസ്താൻ വിനയസമേതം അറിയിച്ചു. ചക്രവത്തിക്ക് സന്തോഷമായി; അദ്ദേഹം സുസ്മേരവദനനായി. അദ്ദേഹം ആ തരുണിയോട്ട് ഇങ്ങിനെ ചോദിച്ചു.

“ഭദ്രേ, ഭവതിയ്ക്കു സമ്മതം താനല്ലീ
ചേതനാ മെന്നുടെ ദേവീപദം?”

അപ്പോൾ അവൾകുമ്പിട്ട്, കൈകൂപ്പി, സഗൽഗതം ഇങ്ങിനെ പറഞ്ഞു.

“കന്യകയല്ലഞാൻ–കാന്തനെൻപ്രാണനാ–
ണ–ന്യനെ–യപ്രീതി തോന്നരുതേ”

ദയനീയമായ ഈ വിലാപംകേട്ട് ചക്രവർത്തിക്ക് അവളിൽ കരുണതോന്നി.

ഭാവംപകന്നൃപന്മ:പരസ്ത്രീയെ
പ്പാമ്പയൾയെണ്ണമപ്പുണ്യശ്ലോകൻ
‘ഇസ്സാധ്വിയെങ്ങിനെ യിങ്ങുവന്നെത്തി’യെ–
ന്നുസ്താനോടുഞ്ജസാചോദ്യംചെയ്യാൻ.

ഉസ്താൻ സംഭവങ്ങളെല്ലാം ചക്രവർത്തിയെ അറിയിച്ചു. ഉസ്താനെ ഉടനെതന്നെ ജയിലിലാക്കുവാൻ ചക്രവർത്തി കല്പിക്കുകയും ചെയ്തു. ചക്രവർത്തിആ തരുണിയോടു ഉസ്താൻചെയ്ത തെററിന്നു മാപ്പുചോദിക്കുകയും അവളെ ഉടനെ അവളുടെ വീട്ടിൽ എത്തിച്ചുതരാമെന്നു പറയുകയുംചെയ്തു. ഇതു് കേട്ട് അവൾ

ഗീതകം

കവിത

# നീഹാരഗീതം

ചെറുവള്ളിമഠം നാരായണൻനമ്പി, ബി. എ.

ഞാനൊരു വെറും മഞ്ഞുതുള്ളിയെങ്കിലും പ്രഭോ!
നൂനമെൻ ഹൃത്തിൽ താവക പ്രതിബിംബം,
താവുകയാലെൻ ജന്മം സഫലം!–നിർവ്വാണത്തിൻ–
പൂവുകൾ വിരിയുന്നു മാമകാത്മാവിൽ ച്ചാലേ!
ക്ഷണികം മജ്ജീവിതം;എങ്കിലും പ്രഭോ!വജ്ര–
മണിപോൽ ത്തിളങ്ങുന്നു നിൻകരസ്പർശത്താൽ ഞാൻ!
പുൽക്കൊടിത്തുമ്പിൽ മേവുമെന്നെനീ ദിവാകരാ!

പൊൽക്കരത്തിനാൽ തലോടുമ്പോഴെൻ ഹൃദന്തരം,
അകളങ്കമാ മഹിമാന ഭാരത്താൽ വേഗം
തകരട്ടെ;തിനാൽ ത്താൻ സഫലം മമ രാഗം!
ശങ്കരമായനിന്റെ പൊൻകര സ്പർശത്തോടേ
പങ്കമേശാതെ മന്നിൽ നിന്നു മായ്‌വതിനേക്കാൾ,
ധന്യമായൊന്നും തന്നെ കാണ്മതില്ലീ ഞാൻ;ധന്യ–
ധന്യയായ് വിഭോ!മമ കാമിതം നേടട്ടെ ഞാൻ!'

---

ചക്രവർത്തിയോട് കൃതജ്ഞത പ്രകടിപ്പിക്കുകയും ചക്രവർത്തിയുടെ ഭൃത്യനായ ഉസ്താനെ ശിക്ഷിക്കരുതെന്നു അപേക്ഷിക്കുകയും ചെയ്തു.

ഗീരിതരചന്നു രോമാഞ്ചമേററി;ഹാ,
ഭാരതസ്ത്രീകൾതൻഭാവശുദ്ധി!

എന്നു കവി പറയുന്നു. ഈ കഥയിൽനിന്നു 'ഭാരതസ്ത്രീകൾതൻഭാവശുദ്ധി' മാത്രമല്ല പ്രകടമാക്കിയിട്ടുള്ളത്. ഇതിലെ കഥാനായിക കുററംചെയ്ത ഉസ്താനെ വെറുതെവിടാൻ ചക്രവർത്തിയോടപേക്ഷിച്ചത് അവളുടെ ബുദ്ധിശക്തിയെയാണ് കാണിക്കുന്നത്. ചക്രവർത്തിയുടെ ആവശ്യത്തിന്നാണ് അവളെ ഉസ്താൻ പിടിച്ചുകൊണ്ടുവന്നത്. അവൾക്ക് അതിന്നു സമ്മതമില്ലെന്നു കണ്ടപ്പോൾ സമ്മതിപ്പിക്കാതെ അവളെ പിടിച്ചുകൊണ്ടുവന്നതിന്നു തന്റെ സേവകനെ ശിക്ഷിക്കുകയാണ് ഇവിടെ നടന്നത്. ഇതിന്നു, ഭൃത്യന്റെമേൽ വെറുതെ കുററംചുമത്തിയ യജമാനനെ രംഗ്യന്തരേണ ശകാരിക്കുകയാണ് ഇതിലെ കഥാനായിക ചെയ്തത്. അത് ഏററവും യുക്തവുമായിട്ടുണ്ട്. 'പരസ്ത്രീയെ പ്പാവയായെണ്ണുമപ്പുണ്യശ്ലോകൻ' എന്ന പ്രയോഗത്തെപ്പററി എനിക്ക് അഭിപ്രായവ്യത്യാസമുണ്ട്. പരസ്ത്രീയെ—അന്യന്റെ ഭാര്യയെ-ഇദ്ദേഹം തൊടുകയില്ല എന്നാണ് മഹാകവി ഇവിടെ ഉദ്ദേശിക്കുന്നത്. അതുകൊണ്ടുമാത്രം അദ്ദേഹം പുണ്യശ്ലോകനാകുമോ? എത്രപെൺകുട്ടികളെ—ജാതിമതഭേദംകൂടാതെ — പ്രലോഭനങ്ങളെക്കൊണ്ടും മററും നിർബ്ബന്ധിച്ച് എന്നന്നേക്കും വേശ്യകളാക്കിത്തീർത്ത ഏവംവിധന്മാരായ ചക്രവർത്തിമാരേയും രാജാക്കന്മാരേയും മററും പുണ്യശ്ലോകന്മാർ എന്നു പറയുന്നതുതന്നെ ഒരു പാപമാണെന്നാണ് എന്റെ അഭിപ്രായം. ഈ ചക്രവർത്തിമാരും രാജാക്കന്മാരും അവരുടെ മക്കളും സേവകന്മാരും എത്ര എത്ര സാധുസ്ത്രീകളുടെ പച്ചമാംസം തിന്നിട്ടില്ല! ഇവരെ പുണ്യശ്ലോകന്മാർ എന്നതിന്നു പകരം ഭയങ്കരന്മാർ എന്നാണ് സംബോധനചെയ്യേണ്ടത്.

ഇതിലെ ഇതിവൃത്തഘടന ഏററവും മനോഹരമായിട്ടുണ്ട്. ഇതിവൃത്തംപോലെതന്നെ ഓരോവരിയും ആശയത്തിന്നോ അർത്ഥത്തിന്നോ കോട്ടംതട്ടാതെയും സഹൃദയഹൃദയത്തെ ഹഠാദാകർഷിക്കുന്ന ഗാനാത്മകതയോടുംകൂടി രചിക്കപ്പെട്ടിരിക്കുന്നു.

* തയ്യാറായിവരുന്ന "വള്ളത്തോൾ സാഹിത്യം അഥവാ മഹാകവി വള്ളത്തോളും സാഹിത്യമഞ്ജരിയും" എന്ന ഗ്രന്ഥത്തിൽനിന്ന്.

# “ആഭാസശൃംഗാരം”

വിദ്വാൻ സി. കെ. കുറുപ്പ്.

പ്രിയപ്പെട്ട പത്രാധിപരേ!

‘ആഭാസശൃംഗാര’ത്തെ കുറിച്ചുള്ള വിമർശനം, സാഹിത്യത്തിൽ അതിനുള്ള സ്ഥാനം അറിയേണ്ടതാണെന്നുള്ള താക്കീത്, അതോ, കൃഷ്ണഗാഥ, ചന്ദ്രോത്സവം, ഉണ്ണുനീലിസന്ദേശം എന്നീ എണ്ണപ്പെട്ട കൃതികളെ കുറിച്ചു! അയ്യോ! ഞാനൊന്നു അമ്പരപ്പെട്ടുപോയി!

ചെറുശ്ശേരിയുടെ കവിതാകാമിനി—അവൾ ഒരു അഭിസാരികയല്ല; പ്രത്യുത ഉന്നതകുലജാതയായൊരു പതിദേവതയാണ്. യൗവനത്തിലെ ലാളിത്യമയ ലാവണ്യപൂരം ഒരു ബാധയാണെന്നാണോ നമ്മുടെ നിരൂപകൻ പറയുന്നത്? ആ മദാലസയെ ഒരു അഭിസാരികയായി കണക്കാക്കുന്നു എങ്കിൽ അത് വിവേചനാശക്തിയുടെ പോരായ്മയാണെന്നല്ലാതെ എന്തുപറയാനാണ്? ഇത്തരുണത്തിൽ എനിക്കദ്ദേഹത്തെ മനസ്സിലാക്കുവാനുള്ളത്. ഇത്രമാത്രമാണ്.

‘സുഹൃത്തേ, അവൾ (കൃഷ്ണഗാഥ) ജനിച്ചുപോയി. അവൾ നവയൗവനയുക്തയായി അന്നും, ഇന്നും, എന്നും സാഹിത്യരസികന്മാരെ ആനന്ദിപ്പിക്കും. ഒരു സുന്ദരിയായിപ്പോയതുകൊണ്ട് സ്തനവും, അധരവും, മറ്റെല്ലാറ്റും അവൾക്കുമുണ്ട്. അവളിലും ജീവചൈതന്യം തുളുമ്പിനില്ക്കുന്നുണ്ട്. ഹൃദയാവർജ്ജകങ്ങളായ ചേഷ്ടാവിശേഷങ്ങളും അവൾക്കു ജന്മനാ ഉള്ളവയാണ്. അവളുടെ ഭാവഹാവാദികൾ അസംബന്ധമാണെന്നു തോന്നുന്നത് അവളുടെ തെറ്റല്ല. തനിക്കവളെ വശീകരിക്കാൻ കഴിയാത്തതുകൊണ്ടുള്ള ഈർഷ്യയാണ്. അല്ലാതെ ശൃംഗാരത്തോടുള്ള വൈരാഗ്യമാണെന്നു പറയുന്നതു നല്ല ശരിയല്ല. ശരിക്കും ശൃംഗാരത്തെ വെറുത്തിരുന്നെങ്കിൽ, “പാലാഴിമങ്കതൻ കൊങ്കപുണരുന്ന കോലമെന്നുള്ളത്തിൽ കാണാകേണം” എന്നു പുലർകാലത്തു കീർത്തനംചൊല്ലുന്ന മുത്തശ്ശിയെ, താങ്കൾ ഒരു കൊട്ടിനു കൊന്നുകളയുമായിരുന്നല്ലോ?

‘ആനകുറുന്തടി മാനിക്കും കൊങ്കകൾ’ എന്നുതുടങ്ങിയ നാലുവരിയിൽ അടങ്ങിയിരിക്കുന്ന സ്വാരസ്യം താങ്കൾക്കാസ്വദിക്കാൻ കഴിയാതെപോയതിലും, അത് ആഭാസശൃംഗാരമാണെന്നു വിധികല്പിച്ചതിലും, പാഠ്യപുസ്തകക്കമ്മറ്റിക്കാരെങ്ങാനും ആ വരികൾ പഠിപ്പിക്കാൻ പറഞ്ഞാൽ താങ്കൾ ചുറ്റിപ്പോകുമല്ലോ എന്നു വിലപിക്കുന്നതിലും എനിക്കതിശയം തോന്നുന്നുണ്ട്.

“തപസ്വീകാം ഗതാവസ്ഥാ-
മിതിവേദ്മരാനനാവിവ
ഗിരിജായാസ്തനൗ വന്ദേ
ഭോഭ്രൂവിസിതാനനൗ”

ഇങ്ങനെ സ്തനവർണ്ണനകൊണ്ടുമാത്രം ‘ഭവഭൂതി’ നാമം സിദ്ധിച്ച മഹാകവിയെ ജീവനോടെ കണ്ടിരുന്നെങ്കിൽ താങ്കൾ വാണംവെച്ചു വിട്ടുമായിരുന്നല്ലോ?

“അപരിക്ഷത കോമളസ്യയാവത്
കുസുമസ്യേവ നവസ്യ ഷട്പദേന
അധരസ്യ പിപാസതാ മയാ തേ
സദയം സുന്ദരി ഗൃഹ്യതേ രസോസ്യ”

ഇപ്രകാരം ശകുന്തളയെ ബലാത്സംഗം ചെയ്യിച്ച കേസിനു കാളിദാസനെങ്ങാൻ ജീവിച്ചിരിപ്പുള്ള കാലമായിരുന്നെങ്കിൽ, മജിസ്ട്രേട്ടുകോടതിയിൽ ഒരു കേസ്സുതന്നെ ‘ഫയൽ’ ചെയ്യുമായിരുന്നല്ലോ? ‘അതൈലപൂര’ങ്ങളായ ‘സുരതപ്രദീപ’ങ്ങളെ വർണ്ണിച്ച ആ മഹാകവിയെ ഒരു ഭരണിപ്പാട്ടുകാരനായി മുദ്രകുത്തിയിട്ടുണ്ടോ, ആവോ?

അർജ്ജുനനെ കണ്ടിട്ട്,

“വട്ടൊത്തമുലകളും ഉഷ്ഠിയും കവാടംകൊണ്ടൊട്ടൊട്ടുമറച്ചു”നിന്നുവിചാരിക്കുന്ന സുഭദ്രയെ അങ്ങനെ നഗ്നമായി കാട്ടിത്തന്ന തുഞ്ചത്താചാര്യനെ ‘മുറിപ്പത്തലൊടിച്ചു’ഒരു ചെണ്ടയുദ്ധത്തിനു വട്ടം കൂട്ടുമായിരിക്കാം ശാന്തംപാപം!

പ്രിയസുഹൃത്തേ! ആംഗലസാഹിത്യവുമായി താങ്കൾ അധികമൊന്നും പരിചയപ്പെട്ടിട്ടില്ലെന്നാണ് തോന്നുന്നത്. അങ്ങോട്ടു കടന്നാൽ കാണാം മുഴുത്തെറി. ആലിംഗനചുംബനാദികൾ മഹാപരസ്യം. മഹാപരസ്യമെന്നുവെച്ചാൽ ഉടുതുണിപോലുമില്ലാതെ ഷെയ്ക്സ്പിയറും, മിൽട്ടനും, വേർഡ്സ് വർത്തുമൊക്കെ അങ്ങിനെയാണെത്രെ! ടെന്നിസിൻെറ കഥ പറയേണ്ടതുമില്ല.

മഹാകവി ഷെയ്ക്സ്പീയറുടെ 'വീനസ് ആൻഡ് അഡോണീസ്' എന്ന ഗീതത്തിലെ ഒരു ഭാഗം താഴെ കൊടുത്തിരിക്കുന്നതു നോക്കൂ!

"I will be a park and then shalt be my deer,
Feed where then wilt on mount ain or in dale,
Grace on my lipse, and those li ps be dry,
Stray lower, where the pleasant fountains lie,
Whitin this limit is relief enongh
Sweet bottam grass and high de- light ful plain
Round rising hillocks,brakes obscure and rough to shelter there from te- mpest and from rain,
Then he my deer,since Iam,,such a part.

'തന്നിൽ വേണ്ടതൊക്കെയുണ്ട്, അനുഭവിക്കു! എന്നു വീനസ് അഡോണിസ്സിനെ ക്ഷണിക്കുകയാണ് പ്രകൃതംഃ! മൂക്കിന്മേലൊരു വിരലും വച്ചങ്ങിനെ ഇരിക്കാൻ തോന്നുന്നുഅല്ലേ?

പ്രിയപ്പെട്ട പിള്ളസ്സാറേ, പരിഭ്രമിക്കേണ്ട. സ്ത്രീകളായാൽ അങ്ങിനെ ചിലതെല്ലാം കാണും അവയുടെ ഭംഗികണ്ടാനന്ദിക്കുന്ന വ്യക്തികളും ഉണ്ടാകും. അവയെ, രസവിച്ഛിത്തിവരാതെ, സഹൃദയഹൃദയോല്ലാദകാരിയാക്കിത്തീർക്കുന്നതിൽ തെററൊന്നുമില്ല.

വിഭവസമൃദ്ധമായ ഒരു സദ്യയാണ് സാഹിത്യം. പല രസങ്ങൾക്കും സ്ഥാനമുണ്ട് അതിൽ നാം എല്ലാം ആസ്വദിക്കാൻ പഠിക്കണം. കുചം, അധരം, സുരതം എന്നൊക്കെ കേട്ടാൽ വെറളിപിടിക്കാനൊന്നുമില്ല. എല്ലാം വേണ്ടതുതന്നെ. സാഹിത്യത്തിൽ മാത്രമല്ല, ലൌകികജീവിതത്തിലും.

താങ്കൾ ആഭാസമാണെന്നു പറഞ്ഞു ഉദാഹരിച്ചുകാണിച്ച ഓരോ പദ്യഭാഗവും കവനകലയുടെ പരിപൂർണ്ണതയ്ക്കു ഉത്തമോദാഹരണങ്ങളാണ്.

ഇനി ചന്ദ്രോത്സവത്തെപററിയും രണ്ടുവാക്ക്. "സൌവർണ്ണകിങ്കിണി" "തിമം മനോഭവേ" എന്നി പദ്യങ്ങൾക്കു പുറപ്പെടുവിച്ച അഭിപ്രായവും അവിവേകമായിപ്പോയി. നായിക, അന്നുബാല്യത്തിൽ ചെയ്തതെല്ലാം, ഇന്നു ഈ യൌവ്വനത്തിൽ ചെയ്യുന്നതിനോട് ഏറെക്കുറെ സാമ്യമുണ്ടെന്നു കാണിക്കുക മാത്രമേ ഇതുകൊണ്ടു ചെയ്യുന്നുള്ളു. അതുകൊണ്ട് കവി ഒരു പടുവിഡ്ഢിയാണെന്നു പറയുന്നതു നല്ല ശരിയല്ല. തുമ്പിക്കൈമാത്രം സ്പർശിച്ചറിഞ്ഞ ഒരു ജാത്യന്ധൻ ആന ഉലക്കപോലെയാണെന്നു വാദിച്ചാൽ നാം എന്തു ഉത്തരം പറയാനാണ്. പാവം! അതെന്തെങ്കിലും പറഞ്ഞോട്ടെ എന്നല്ലേ കരുതുകയുള്ളു.

രസരാജനാണ് ശൃംഗാരം. അതിൻെറ സ്പർശമില്ലാതെ, കവനം, വിശേഷിച്ചും കാവ്യം രസാത്മകമാകയില്ല. ഇത്രയും പറഞ്ഞതുകൊണ്ട് ഞാൻ ആഭാസ ശൃംഗാരത്തെ അനുകൂലിക്കുന്നു എന്നു അർത്ഥമാക്കേണ്ടതില്ല. ആവക കൃതികളിൽ' ആ വക പദ്യശകലങ്ങൾ ഇരിക്കുന്ന ദിക്കുകളിൽ, അവ ആഭാസമല്ല. സ്ഥാനം, അസ്ഥാനം എന്നുള്ളതുകൊണ്ട് ഉറക്കറയിലും, പബ്ളിക് റോട്ടിലും എന്ന വ്യത്യാസമാണ് നാം കല്പിക്കേണ്ടതു്.

ഭാഷാസാഹിത്യത്തിലെ ആചാര്യന്മാരായ ചെറുശ്ശേരി, ഉണ്ണായി, കുഞ്ചൻ എന്നിവരെ തൊട്ടുകളിക്കുന്നതു് നല്ലതിനല്ല. ആ അഭിവന്ദ്യഗുരുക്കന്മാരുടെ മുമ്പിൽ താങ്കളും ഞാനും മററെല്ലാപേരും സാഷ്ടാംഗനമസ്കാരംചെയ്യേണ്ടവരാണ്. ഇനിയെങ്കിലും അങ്ങനെ താങ്കൾ ചെയ്യുമെന്നാശിക്കട്ടയോ? സജ്ജയൻെറ വിപ്ലവപ്ലവം നമ്മളായിട്ടെന്തിനു തുടങ്ങിവെക്കണം?

........

# മരിക്കാത്ത മനുഷ്യർ

ടി. ആർ. ശങ്കുണ്ണി.

പാതിരയുടെ ഭീകരവാഴ്ച. പരിസരം കണ്ണുചിമ്മിനിലകൊള്ളുന്നു. ചൂളമിട്ടുപാഞ്ഞുപോവുന്ന കുളിർകാററിൽപേടിപ്പെടുത്തുന്ന കാട്ടുമുളയുടെ അസുഖകരമായ ചൂളംവിളി ആ നിശ്ശബ്ദതയെ ഭേദിച്ചുയരുകയാണ്.

"റാണീ......."ശശി വിളിച്ചു.

'ശശീ...........'ചുടുള്ള കണ്ണീരിറക്കി ഗദ്ഗദത്തോടെ റാണി പറഞ്ഞു. 'ഞാനെല്ലാം അറിഞ്ഞു. അങ്ങ് സുഖമായി ജീവിക്കൂ. ഞാൻ ഇങ്ങിനെകഴിഞ്ഞുകൊള്ളാം........' പാട്ടിയില്ലാത്ത പരിശുദ്ധസ്നേഹത്തിന്റെ സത്യവാചകങ്ങളായിരുന്നു അവ.

"റാണീ......."അയാളെ മാറോടണച്ചുംകൊണ്ട് ശശി പറഞ്ഞു. "നീ എന്റേതാണ്...............നീ എന്റേതാണ്................'

'ഇല്ല ശശീ........, ഞാനാശിച്ചതൊക്കെ വിഫലമായിട്ടേയുള്ളൂ. ഇനി ഞാൻ ആശിക്കാനില്ല........'

'നമുക്ക മരിക്കാം....'ഒരു പുതിയ ചൈതന്യം അയാളുടെ മുഖത്തുകളിയാടി.

'ആ!............'റാണിയുടെ ഹൃദയാന്തർഭാഗത്തുനിന്ന് ഒരു ഏങ്ങൽ ഉയർന്നുവന്നു............

, വളഞ്ഞുപുളഞ്ഞൊഴുകുന്ന പുഴ ചുഴികളും അലകളും നിർമ്മിച്ച് ഒഴുകിപ്പോവുകയായിരുന്നു............

രാത്രിയുടെ മരവിപ്പിക്കുന്ന നിശ്ശബ്ദതയിൽ ലോകം സുഖനിദ്രകൊള്ളുന്നു. പരിസരം ചെവി വട്ടം പിടിച്ചുനില്ക്കുന്നു. കാററത്തു പറക്കുന്ന പഞ്ഞിക്കഷണങ്ങൾപോലെ അലഞ്ഞുതിരിയുന്ന മേഘശകലങ്ങൾ തെളിഞ്ഞു പ്രകാശിക്കുന്ന അമ്പിളിക്കലയെ ഇടക്കിടക്ക് ഉമ്മവെച്ചു കടന്നുപോകുന്നുണ്ട്. പൂനിലാവിന്റെ പാലൊളിയിൽ മഞ്ഞണിഞ്ഞ ആ മൊട്ടക്കുന്നുകൾ വ്യക്തമായി കാണാം. അങ്ങകലെ മൂടൽമഞ്ഞിന്റെ അവ്യക്തതയിൽ, ചക്രവാളത്തിൽ നീലക്കോട്ടകൾ തീർത്ത കിഴക്കൻ മലനിരകൾ കറുത്തകോടി നുമിതെ കരിമ്പടം തോർത്തിട്ടപോലെ പല അളവിലുള്ള കറവും മുനകളും തീർത്ത് നിലകൊള്ളുന്നു. അലറുന്ന തിരമാലകൾപോലെ ചീറിയടുക്കുന്ന അലമാലകൾ നിശ്ശബ്ദത കൂട്ടുകെട്ടിനില്ക്കുന്ന ആ പാതിരയുടെ ഭയാനകതക്ക് മാററു കൂട്ടുമാറ് പാഞ്ഞൊഴുകുന്നുണ്ടായിരുന്നു.

വെണ്മണിഞ്ഞുനില്ക്കുന്ന വല്ലിക്കുടിലുകളും പൂത്തിരികത്തിവിടർന്നപോലെ നില്ക്കുന്നതെങ്ങിൻതൈകളും ആ പുഴയോരത്തു സുലഭമായുണ്ട്. ഇരുവശങ്ങളിലും പച്ചപ്പട്ടുപുതച്ച-പുത്തൻപുൽപ്പായവിരിച്ചപോലെയുള്ള പുഞ്ചപ്പാടങ്ങളുടെ അകമ്പടിയോടെ ഒരിററുവെള്ളം നാക്കത്തൊഴിക്കാതെ വററിവരണ്ട ചുണ്ടും ഉണങ്ങിപ്പൊരിഞ്ഞ തൊണ്ടയുമായി ഒരു വഴി ആ പുഴയിലലിഞ്ഞു ചേരുന്നുണ്ട്. ആകെ ശാലീനത കൂട്ടുകെട്ടിയ പരിസരം.

അഴകിൽ കുളിച്ചുനില്ക്കുന്ന ഫലസമൃദ്ധമായ ആ തോട്ടവും, തങ്കത്തരിവളയണിഞ്ഞ കൊന്നത്തയ്യുകളും, പച്ചപ്പട്ടുകുട നിവർത്തിയപോലെയുള്ള വാഴക്കൂട്ടങ്ങളും, പൊന്നിൻപൂത്താലിചാർത്തിനില്ക്കുന്ന തൈമാവുകളും, മന്ദപവനനിൽ തലകുണുക്കി ചാഞ്ചാടുന്ന തെങ്ങിൻതൈകളും നിറഞ്ഞുവിശാലമായ ആ തോപ്പിന്റെ മദ്ധ്യത്തിൽ ഒരു വലിയ വീടുകാണാം. സമ്പൽസമൃദ്ധിയുടെ മടിത്തട്ടിൽ, സുഭിക്ഷതയുടെ ആലിംഗനത്തിൽ; അല്ലലറിയാതെ കഴിയുന്ന ആ വീട്ടിലെ ഒരംഗമായിരുന്നു ശശി........!

ശശിക്കൊരു ചേട്ടൻ മാത്രമേയുണ്ടായിരുന്നുള്ളൂ, അപ്പുമേനോൻ. അച്ഛനും അമ്മയും അയാളുടെ ബാല്യത്തിൽതന്നെ മരിച്ചുപോയി. അച്ഛൻ മരിക്കുമ്പോൾ അപ്പുവിന് പതിനെട്ട് വയസ്സുപ്രായമായിരുന്നു. എട്ടുവയസ്സുമാത്രം പ്രായമായിരുന്ന ശശിയും....

കാലചക്രം തിരിഞ്ഞുകൊണ്ടേയിരുന്നു. സ്നേഹമയിയായ ചേട്ടന്റെ ശുശ്രൂഷണയിൻ കീഴിൽ മിടുക്കനായി ശശി വളർന്നു. അയാൾ സ്ക്കൂൾഫൈനൽ ക്ലാസ്സിൽ പഠിക്കുന്നകാലം.

ശശിയുടെ വീട്ടിൽനിന്നും ഒരു ഒന്നരനാഴിക അകലെ, പഞ്ചാരപോലെയുള്ള പൂഴിമണ്ണിൽ, പൊൻപ്രതീക്ഷകളും ഓമൽകിനാവുകളും മൊട്ടിട്ടുവിടരുന്ന അന്തരീക്ഷത്തിൽ പഴയമട്ടിൽ പണിതീർത്ത ഒരു കൊച്ചുവീട് കാണാം. ആ കൊച്ചുവീടിന്റെ മണിവിളക്കായിരുന്നു റാണി.......! തുച്ഛമായ വരവിൽ സുഭിക്ഷതയോടെ കഴിഞ്ഞുകൂടുന്ന ഒരു കൊച്ചുകുടുംബം. റാണിക്കൊരു സഹോദരനുണ്ട്—ഭരതൻ. ശശിയുടെക്ലാസ്സ് മേറ്റാണയാൾ. റാണിയുടെ അച്ഛൻ അവിടത്തെ മിഡിൽസ്കൂളിലെ ഹെഡ്മാസ്റ്ററും അമ്മ അവിടത്തെ പാട്ടുമിസ്ട്രസ്സുമായിരുന്നു.

പാരമ്പരയാലഭിച്ച അനുഗ്രഹമോ എന്തോ; കറകളഞ്ഞ ശാരീരത്താൽ അനുഗ്രഹീതയായിരുന്നു റാണി. അതുകൊണ്ടുതന്നെ കുട്ടിപ്രായത്തിലേ അവൾ പാട്ടുപഠിക്കാൻ തുടങ്ങി. മൂന്നാംഫാറത്തിലെത്തിയിട്ടേയുള്ളുവെങ്കിലും ആരേയും അതിശയിപ്പിക്കത്തക്കവണ്ണം റാണി ഇന്നു പാടും.

ആ കൊല്ലം സ്കൂൾവാർഷികത്തിലെ ആകർഷകമായ ഒരിനമായിരുന്നു റാണിയുടെപാട്ടുകച്ചേരി. വെറും പന്ത്രണ്ടുവയസ്സായ ആ കൊച്ചുപെണ്ണ് ‘ശാസ്ത്രീയസംഗീതം, അതിവിദഗ്ദ്ധമാംവിധം കൈകാര്യം ചെയ്തുകണ്ടപ്പോൾ ശശിയുടെ കരളിനകത്ത് അവാച്യമായ ഒരനുഭൂതി പിറവിയെടുത്തു. വിചാരവികാരവ്യാപാരങ്ങളുടെ സന്ധികേന്ദ്രം മലക്കെ തുറന്നിട്ടകാലമല്ലെങ്കിലും വാക്കുകളിൽ പകരാനാവാത്ത ഒരു നിർവൃതി ശശി അനുഭവിച്ചു. വെറും പതിനെട്ടു വയസ്സായ ഒരു സ്കൂൾഫൈനൽ വിദ്യാർത്ഥി.......! പന്ത്രണ്ടുവയസ്സായ ഒരു കൊച്ചു പെൺ കിടാവും.......

കച്ചേരി കഴിഞ്ഞ ഉടനെ അണിയറയിലെത്തിയ ഭരതനേയും ശശിയേയും എതിരേറ്റത് നിഷ്കളങ്കമായ ആ കൊച്ചു പാട്ടുകാരിയുടെ മുഖമായിരുന്നു. ഭരതൻ ശശിക്കു പരിചയപ്പെടുത്തിക്കൊടുത്തു. “എന്റെ സഹോദരി....”

“പേര്....?” വെറുതെ ശശി ചോദിച്ചു.

“റാണി!....” അതവളായിരുന്നു. ഒരു കിളിക്കൊഞ്ചൽ! ശശിയുടെ അകതാരിൽ ഒരു വിദ്യുല്ലേഖ പാഞ്ഞു. ഒരു മധുരിക്കുന്ന വേദന—അള്ളിപ്പിടിക്കുന്ന വികാരം അയാളനുഭവപ്പെട്ടു. അയാളെത്ര പരിശ്രമിച്ചിട്ടും അതു തടയാനൊത്തില്ല. വല്ലാത്ത ഒരവിനിവേശം! വികാരമെന്നത് എന്താണെന്നറിയാത്ത ഒരു കൊച്ചുപെൺകുട്ടിയുടെനേരെ! ശശി അയാളുടെ വികാരങ്ങളുടെനേരെ കടിഞ്ഞാണിട്ടു. പക്ഷെ അതു വീണ്ടും കുതറി ഓടി തങ്കക്കിനാവുകളിൽ കവിത നെയ്യെടുക്കുന്ന കലാലോലമായ ആ കണ്ണുകളിൽ അതു ചെന്നു കൂടുകെട്ടി. “തനിക്ക് തിരക്കൊന്നുമില്ലല്ലോ. നിങ്ങളിവിടെ ഇരിക്കൂ, ഞാനിപ്പോൾ വരാം....” ഭരതൻ പറഞ്ഞു.

“ഇല്ല. ഞാനുംകൂടി വരുന്നുണ്ട്....” ശശി ധൃതികൂട്ടി.

“ഞാൻ കുറച്ചു കാപ്പികൊണ്ടുവരാം....” ഭരതൻ അവിടെനിന്നും പോയി.

അനർഘമായ രണ്ടുമൂന്നു നിമിഷങ്ങൾ കടന്നുപോയി. ചൂടുള്ള ഒരു നിശ്വാസം ആ വായുവിൽ ലയിച്ചു. അതു റാണിയുടെതായിരുന്നു....! ഏകാന്തതയിലേക്ക് കണ്ണുംനട്ടുകൊണ്ട് അവളങ്ങിനെ നിന്നു ....മനോഹരമായ ഒരു കവിതപോലെ!....

“ഞാൻ പോകട്ടെ....” ശശിപറഞ്ഞു.

“ആ: ചേട്ടൻ വരട്ടെ. ഇപ്പോൾവരും....” ഒരു മണികിലുക്കം....! തേനൂറുന്ന ഒരു പുഞ്ചിരി ആ ചുണ്ടിൽ കളിയാടി.

നിമിഷങ്ങൾ നിശ്ശബ്ദം നീങ്ങുകയാണ്....

“പേര് മനസ്സിലായില്ല....” ഒരു കുസൃതിചോദ്യം! അപ്പോഴെ തനിക്കുപറ്റിയ അമളി മനസ്സിലാക്കിയുള്ളു. അവളുടെ പേർ അറിഞ്ഞുകൊണ്ടുതന്നെ താൻ അവളുടെ പേരന്വേഷിച്ചതിനുള്ള ഒരു പ്രതികാരമായിരിക്കുമോ അത്....?

“ശശി...” ഒരു ജാള്യതയോടെ അയാൾ പറഞ്ഞു. പൂത്താലി കിലുക്കിയപോലെ ഒരു ചിരി ആ അന്തരീക്ഷത്തിൽ സൌരഭ്യം പരത്തി ഉയർന്നു.

അവരുടെ കരളിന്റെ ഞരമ്പുകൾ അന്യോന്യം ഹൃദയരക്തം സ്വാദുഭോനാക്കുകയായിരിക്കാം. മനുഷ്യനെ നിർവ്വികാരനാക്കുന്ന വികാരങ്ങളുടെ വേലിയേറ്റം....!

അങ്ങിനെ ശശിയും റാണിയും ആദ്യമായി പരി

ചയപ്പെട്ടു. പക്ഷെ ഒരിക്കലും തളരാത്ത ഒരു സ്നേഹബന്ധം അതു സൃഷ്ടിക്കുമെന്ന് ആരാരും കരുതിയില്ല.

കളിച്ചും ചിരിച്ചും പറന്നുപോയ ദിവസങ്ങൾ മാസങ്ങളായി പരിണമിച്ചു. മാസങ്ങൾ കൊല്ലങ്ങളെ സൃഷ്ടിക്കുകയാണ്. മഞ്ഞയണിഞ്ഞ ആ വല്ലിപ്പടർപ്പുകൾ രണ്ടുവട്ടം ചെണ്ടണിഞ്ഞു.

വിരൂപനല്ലാത്ത ഒരു ചെറുപ്പക്കാരനായി മാറി ശശി. ചുരുണ്ട തലമുടി, കറുത്ത കണ്ണുകൾ, തടിച്ച ശരീരം, വിരൂപമല്ലാത്തമുഖം....അയാളിന്നു കോളേജിൽ പഠിക്കുകയാണ്.

റാണിയും വളർന്നു. അടർന്നുവീഴാൻവേണ്ടി വിടർന്നുനില്ക്കുന്ന യൌവ്വനത്തിന്റെ പ്രസന്നതാവൈഭവം! പക്ഷെ വിധാതാവ് അവളുടെ സൌന്ദര്യത്തിൽ സ്വല്പം 'കറി' കൂടുതൽ ചേർത്തു! എങ്കിലും ആ കണ്ണുകൾ! കലാത്മകത്വം തുളുമ്പിനിന്നിരുന്ന അവയിൽ മധുരിതസ്വപ്നങ്ങൾ വിടർന്നുനിന്നിരുന്നു....! ഒരുപക്ഷെ അതായിരിക്കാം ശശിയെ ഇത്രമാത്രം ആകർഷിക്കാൻ കാരണം. അല്ലെങ്കിലും കറുപ്പിലും കറയററ സൌന്ദര്യം ദർശിക്കാൻ സാധിക്കയില്ലെന്നു തീർത്തുപറയാൻ ഒക്കുമോ?.......

കാലം പിന്നെയും കഴിഞ്ഞു. ജീവിതത്തിന്റെ പുഞ്ചിരിയും കണ്ണുനീരും വാരിക്കോരി പൊൻകമ്പിളിൽനിറച്ചുകൊണ്ട് നിമിഷങ്ങളും നാളുകളും അടർന്നടർന്നു വീണുപോയി.

റാണിയും ശശിയും തമ്മിൽ സ്നേഹമാണെന്ന് നാട്ടുകാർ പറഞ്ഞുപരത്തി, പൊടിപ്പും തൊങ്ങലും വെച്ച അവാസ്തവപ്രസ്താവനങ്ങളോടൊപ്പം. പക്ഷെ കരളുറപ്പോടെ ശശിനിന്നു. അയാളതിനെ നിഷേധിക്കാൻ തയാറുണ്ടായിരുന്നില്ല; നേരിടാൻതന്നെയാണ് നിശ്ചയിച്ചതു്. ഒരു പക്ഷെ ഈ ജനസംസാരമായിരിക്കുമോ റാണിയുടെ വീട്ടുകാർ ഈയിടെയായി തന്നോടനുവർത്തിക്കുന്ന ധാർമ്മികമായ ഒഴിഞ്ഞുമാറലിന്റെ അർത്ഥം? അയാളുടെ തലച്ചോറിൽ സംശയങ്ങൾ മുളച്ചുപൊങ്ങുകയാണ്...........

“ഞാനവളെ വിവാഹം ചെയ്യും. വിവാഹം കഴിക്കയാണെങ്കിൽ അവളെ മാത്രമേ സാധിക്കൂ....” അയാൾ പ്രതിജ്ഞചെയ്തു.

അന്തിമാർക്കന്റെ തങ്കക്കതിരുകൾ ധരണിയെ സൌവർണ്ണാഭമാക്കുന്ന മനോഹരമായ ഒരു സന്ധ്യ. പാവകൾ ചിറകിട്ടടിച്ചു കൂടുപൂകുവാൻ പറന്നുപോകുന്നു. ചോക്കവെയിലിന്റെ സ്വർണ്ണസ്കാന്തിയിൽ ചലനാത്മകമായ ജീവിതങ്ങളെ തുറന്നിട്ട ജാലകത്തിലൂടെ നോക്കിക്കൊണ്ട് ചിന്താമഗ്നനായി ശശി കസേരയിൽ കിടക്കുകയാണ്.

‘ചെറുപ്പക്കാലം ചുമ്മാതങ്ങു പ്രേമിച്ചു നടക്കാനുള്ളതാണോ?....’ അയാളുടെ അന്തരാത്മാവിൽനിന്നും ഒരു ചോദ്യചിഹ്നമുയർന്നു. ‘പക്ഷെ, പ്രേമിക്കാനും സ്നേഹിക്കാനുമുള്ള മനുഷ്യന്റെ ശേഷി നശിച്ചാൽപിന്നെ...... അതു ലോകത്തിന്റെ ഗതിയെത്തന്നെ സാരമായി ബാധിച്ചേക്കും........’ അയാൾ സമാധാനിക്കാൻ ശ്രമിക്കുകയാണ്.

‘ശശീ.......’ പിന്നിൽനിന്നും അപ്പുമേനോൻ വിളിച്ചു. ശശി തട്ടിപ്പിടഞ്ഞെഴുന്നേററു. വല്ല്യേട്ടൻ.......!

‘ശശീ, ഞാൻ പുറമേനിന്നു് ചില സംസാരങ്ങൾ കേട്ടു. നിന്നെപ്പററി. അതു വാസ്തവമാണോ?........

‘എന്തു സംസാരങ്ങൾ ചേട്ടാ........?....’

‘ഒന്നും മറയ്ക്കരുതു്........’

“എന്താണെന്നറിയാതെ—”

“ശശീ, നമുക്കാബന്ധം ചേർന്നതല്ല” അയാൾ ശാന്തനായി തുടർന്നു. “നിന്നോടുള്ള അതിരററ സ്നേഹംകൊണ്ടു പറയുന്നതാണ്. അതിലും നല്ലൊരു പെണ്ണിനെ നിനക്കു കിട്ടുമല്ലൊ....”

“ചേട്ടാ....റാണീ....”

“അതെ. അവളെപ്പററിതന്നെയാണ് ഞാൻ പറയുന്നതു്....”

‘റാണിക്കെന്താണ് കുററം....?’

‘അതു നിശ്ചയിക്കേണ്ടതു നീയാണോ?....’

‘ചേട്ടാ....’

‘അതു സാദ്ധ്യമല്ല’

'ചേട്ടാ; എനിക്കവളെ ഇഷ്ടമാണ്. എനിക്ക് ചേർന്നവളാണ് അവൾ എന്നു ഞാൻ വിചാരിച്ചു. മറെറാന്നും ഞാൻ കണക്കാക്കിട്ടില്ല....'

'കുട്ടിക്കാലത്ത്, അച്ഛനും അമ്മയും മരിച്ചപ്പോൾ, നിന്നെ കയ്യിലെടുത്തുവളർത്തിയ ചേട്ടനാണ് ഞാൻ. നിൻെറ അച്ഛനും അമ്മയും ചേട്ടനും എല്ലാം ഞാനാണ്....' അയാൾ ശാന്തനായി.

'ഞാനതു നല്ലവണ്ണം മനസ്സിലാക്കുന്നുണ്ട് ചേട്ടാ....'

'എങ്കിലീ പിടിവാദം?....'

'ഇതു പിടിവാദമല്ല ചേട്ടാ. ഒരിക്കലും അവളെ ഉപേക്ഷിക്കയില്ലെന്നു ഞാൻ വാക്കുപറഞ്ഞു. ഇനി....'

'അവളെ കാണരുത്'....!നിൻെറ അന്തസ്സും അഭിമാനവും ഓർത്തു നീ ജീവിക്കണം. സമുദായത്തിൽ നിനക്കുള്ള പ്രാഭവം മനസ്സിലാക്കി നീ പെരുമാറണം. ഒന്നാമതുതന്നെ അവർ തറവാടികളല്ല....'

'തറവാട്....അഭിമാനം! എന്താണതു്? ചേട്ടാ, ഒന്നു ഞാൻ പറയാം. തറവാടികളാണെന്നുംപറഞ്ഞു് തെമ്മാടിത്തം കാട്ടുന്ന 'ചുമ്മാ തറവാടി' കളേക്കാൾ ആറിരട്ടി ഭേദമാണവർ. കാശുകൊടുത്തു തറവാടിത്തം വാങ്ങാൻ ഒരുപക്ഷെ അവർക്കു കെല്പില്ലെന്നുവരാം. അവർ പാവങ്ങളായിരിക്കാം. പക്ഷെ.... അവർക്കു മനുഷ്യനെ തിരിച്ചറിയാം. മനുഷ്യത്വത്തോടെ പെരുമാറാനറിയാം. മനുഷ്യരെ സ്നേഹിക്കാനറിയാം. ഞാനവരെ സ്നേഹിക്കുന്നുണ്ട്. അതു ശരിയാണ്....'

'നിർത്തെടാ അതവസാനിപ്പിക്കണമെന്നാണ് ഞാൻ പറയുന്നതു്. അവർ തറവാടികളാണുപോലും! അതു നിശ്ചയിക്കാൻ നീയാരെടാ?........'

'ഇതെന്നെക്കൂടി ബാധിക്കുന്ന ഒരു കാര്യമാണ്. എൻെറ ചില തീരുമാനങ്ങൾ 'ശരി'യാണെങ്കിൽ ചേട്ടൻ കേൾക്കണം....' അയാളുടെ പൌരുഷം ആളിക്കത്തി.

'നിനക്കിതു തൻേറടത്തോടെ നിവർന്നുനിന്നു പറയാൻ നാട്ടെല്ലിനു കെല്പുതന്നതു് എൻെറ ഉരുളച്ചോറാണ്. അതു നീ ഓർമ്മിച്ചു സംസാരിച്ചാൽ മതി....'

'എൻെറ മരണംവരെ ഞാനതിനു ചേട്ടനോടു കടപ്പെട്ടവനാണ്........'

'അതു വാക്കിലല്ല, പ്രവൃത്തിയിലാണ് വേണ്ടതു. അയാൾ ജ്വലിച്ചു.

'ചേട്ടാ....'

'എനിക്കൊന്നും കേൾക്കേണ്ട. ആ വൃത്തികെട്ട കൂട്ടുകെട്ട് നീ ഉപേക്ഷിക്കുമോ ഇല്ലയോ? അതുമാത്രമേ എനിക്കറിയേണ്ടു'

'എൻെറ വിവാഹകാര്യത്തിൽ എനിക്കും ചില അഭിപ്രായങ്ങളുണ്ട്. എൻെറ ജീവിതം പങ്കിട്ടെടുത്ത് അനുഭവിക്കേണ്ട ജീവിത സഖിയെ തിരഞ്ഞെടുക്കുന്നതിൽ എനിക്കും'

ഒരടി ശശിയുടെ ചെകിട്ടത്ത് പതിച്ചു. 'ഞാനുള്ളേടത്തോളം നിൻെറ തന്തോന്നിത്തമൊന്നും സാധിക്കയില്ല....' അയാൾ വിറച്ചു.

'ഇതു നടന്നില്ലെങ്കിൽ അതുവരെ മാത്രമേ ഞാൻ ജീവിച്ചിരിക്കുകയുള്ളൂ....' വലിയവരുടെ വാശിക്കു മുമ്പിൽ കീഴടങ്ങാത്ത പുതിയ തലമുറയുടെ ആവേശം നൽകുന്ന ഒരു പ്രതിജ്ഞ....!

'നീയെന്നെ പേടിപ്പിക്കയാണോ? നീ മരിച്ചാലും മരിച്ചില്ലെങ്കിലും ഞാനവളെ പടിക്കകത്തു കടത്തുകയില്ല. എനിക്കതിനു ഭയമുണ്ടെന്നു നീ കരുതരുത്. പേടിപ്പിക്കരുത് കേട്ടോ....'

'ചേട്ടാ....—'

'ഒരക്ഷരംപോലും മിണ്ടരുത്'....' ഒരു കൊടുങ്കാററുപോലെ അയാളവിടെനിന്നും നിഷ്ക്രമിച്ചു. ഒരു ശ്മശാനനിശ്ശബ്ദത അവിടെ പരന്നു. കലങ്ങിമറിഞ്ഞ ആ അന്തരീക്ഷത്തിൽ ചൂടുള്ള ഒരു നിശ്വാസം ഉയർന്നുവന്നു ഒരുപക്ഷെ അതൊരു ദൃഢനിശ്ചയത്തിൻെറ കാഹളമായിരിക്കുമോ?

ചക്രവാളത്തിന്നൊരു ഗൌരവം! അന്തിമാക്കൻ കടലിൽ താഴ്ന്നുപോവുകയാണ്. സാന്ധ്യമേഘങ്ങൾ ചക്രവാളപരപ്പിലൂടെ ഇഴഞ്ഞുനീങ്ങുന്നു.

ഒടുവിൽ ഉറപ്പുപോലെ ശശി അവിടെനിന്നും എഴുന്നേറ്റു.

*  *  *

'ചുവപ്പായി ഉയർന്നുവരുന്ന ആ ആകാശത്തിന്റെ കരാളതയിൽ നമുക്കലിയാം. അതാണ് നമ്മുടെ വിധി. എന്റെ റാണി, ഇനിയൊരിക്കലും പ്രഭാതം നമ്മെ ജീവനോടെ കാണരുത്....'

'മരിക്കുകയോ?....' ഇത്ര ഭീരുവാണോ അങ്ങ്? ജീവിതം മധുരമുള്ള ഒരു സ്വപ്നമല്ല. അതു പരമപവിത്രമായ ഒരു പരമാർത്ഥമാണ്. വിശിഷ്ടമായ ഒരു യാഥാർത്ഥ്യമാണത്. നിസ്സാരയായ ഒരു പെണ്ണിനുവേണ്ടി, മഹത്തായ അങ്ങയുടെ ജീവിതം അവസാനിപ്പിക്കുകയോ? ഞാനൊരിക്കലും അതു സമ്മതിക്കയില്ല....'

'റാണി....' ശശി വികാരഭരിതനായി വിളിച്ചു.

'ശശീ....' അങ്ങൊരിക്കലും മൂഢനാകരുത്. നമ്മളന്യോന്യമുള്ള ബന്ധം ഇങ്ങിനെതന്നെ അവസാനിക്കട്ടെ. അങ്ങയുടെ മനോഹരമായ ജീവിതപന്ഥാവിൽ ഒരു പ്രേതമായി വഴിമുടക്കാതെ മാറിനില്ക്കാൻ ഞാൻ തീരുമാനിച്ചുകഴിഞ്ഞു. പൂവിരിയിട്ട അങ്ങയുടെ ജീവിതപ്പാതയിൽ ഒരു ഏഴയുടെ പൊള്ളുന്ന കാല്പാടുകൾ ഒരിക്കലും പതിയരുത്—പതിക്കാൻ സമ്മതിക്കരുത്........'

'റാണി, നിർജ്ജീവമായ ഈ വേദാന്തം? നമ്മുടെ അവകാശങ്ങൾ സംസ്ഥാപിച്ചുകിട്ടുന്നില്ലെങ്കിൽ—നമ്മുടെ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കപ്പെടുന്നില്ലെങ്കിൽ—ഈ ജീവിതംകൊണ്ടെന്തു പ്രയോജനം? മരിച്ചു ജീവിക്കാൻ ഞാനൊരിക്കലും ഇഷ്ടപ്പെടുന്നില്ല'

'ഒന്നുകിൽ നമ്മുടെ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കപ്പെടുന്ന ഒരു നീതിക്കായി നമുക്കു പടവെട്ടുക അല്ലെങ്കിൽ അതിനെതിരായിനില്ക്കുന്നശക്തിക്ക് അടിയറ കീഴടങ്ങുക....'

'റാണീ....' ശശി വിളിച്ചു.

'അതെ—നമുക്ക് ജീവിക്കാം. ജനിച്ചതിനാലുള്ള ഒരു പകവീട്ടലായി ജീവിതത്തെ കണക്കാക്കി, പതറാതെ—തളരാതെ നമുക്കു ജീവിക്കാം........'

ദൗർബ്ബല്യമായ ഒരു നിമിഷം. ഇഴഞ്ഞുനീങ്ങി.

'ഇല്ല .... നമ്മളൊരിക്കലും വിജയിക്കുകയില്ല. നമ്മുടെ ജീവിതം ഒരു പരാജയമാണ്. അവസാനിക്കുന്ന കുട്ടിക്കാലത്തുതന്നെ അച്ഛനും അമ്മയും മരിച്ചുപോയ എന്നെ സ്നേഹത്തിന്റെ തെളിനീരൊന്ന് പോറ്റിവളർത്തിയ ഏട്ടൻ.... ഏട്ടന് ഒരപമാനം വരിക....തലയെടുപ്പുള്ള തറവാട്ടിത്തത്തിന്റെ പുളപ്പിൽപിടിച്ച ഏട്ടൻ അതുകൊണ്ടു തകരുന്നതെങ്കിലും സ്നേഹം നിറഞ്ഞ എന്റെ പൊന്നേട്ടനു് അതു് ഒരു തീച്ചൂളയാണ്.......ഏട്ടന്‌ ഒരപമാനം വരുത്തിവെച്ച് എനിക്കു ജീവിക്കേണ്ട....... നമുക്കു മരിക്കാം.... ആ ലോകത്ത്—എനിക്കു മരിക്കണം!

"ശശീ......." ഹൃദയംപൊട്ടുംവിധം റാണി വിളിച്ചു. "ജന്മനാ വിരൂപിയാണെങ്കിലും സ്നേഹംനിറഞ്ഞ ഒരു ഹൃദയം എനിക്കുണ്ട്........"

"അതുമാത്രമേ എനിക്കു സ്വന്തമായി കിട്ടേണ്ടൂ........"

"അതങ്ങയുടെതാണ്........"

"എന്നാൽ വരൂ—നമുക്കൊരുമിച്ചു മരിക്കാം...."

"ആ........"

"നിഷ്ഠൂരമായ സമുദായത്തിന് നമ്മുടെ ഹൃദയരക്തംകൊണ്ട് ദാഹം ശമിക്കുമെങ്കിൽ—നമ്മുടെ പിൻഗാമികൾക്കെങ്കിലും ഇതുപോലെ അനുഭവം ഉണ്ടാകാതെ കഴിയാമല്ലോ. ഇനി ഒരിക്കലും ഇത്തരം അനിഷ്ടസംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട്, നമ്മുടെ രക്തം കരാളത നിറഞ്ഞ മനുഷ്യരക്തംകുടിച്ച് ദാഹമടങ്ങാത്ത സാമൂഹ്യനീതിയുടെ ബലിക്കല്ലിലർപ്പിക്കുക....റാണി...."

"ശശീ......."

"ചീറിയടുക്കുന്ന ആ അലകൾക്കിടയിൽ നമുക്ക നമ്മുടെ ജീവിതം അവസാനിപ്പിക്കുക ഒരിക്കലും ദുർഗ്ഗന്ധം വമിക്കുന്ന ഈ പരിസരത്തിൽ നമുക്കു ജീവിച്ചുകൂടാ. ക്രൂരതനിറഞ്ഞ പരിസരം.... ....നിഷ്ഠൂരമായ ചുറ്റുപാടുകൾ..........തീരുന്ന അന്തരീക്ഷം..........റാണി നമുക്ക് മരിക്കാം....'

'റാണീ........'അതെ നമുക്കു മരിക്കാം

'ശശീ........

ആ രണ്ടു ശരീരങ്ങളും പരസ്പരം ഊന്നലിഞ്ഞുചേർന്നു ഒന്നൊന്നിലേക്ക്.

ഒരു കഷണം മേഘം വന്നു് തെളിഞ്ഞപ്രകാശി

ക്കുന്ന അമ്പിളിക്കലയെ മറച്ചു. നക്ഷത്രങ്ങൾ കണ്ണു ചിമ്മിനിന്നു. അങ്ങകലെ ഒരു നക്ഷത്രം തെററിത്തെറിച്ച് സ്ഥലം മാറിനിന്നു....

'റാണീ.......'

'ശശീ.......'

അവർ രണ്ടുപേരും ആകയത്തിലേക്കുപതിച്ചു.

നിശ്ശബ്ദതനിറഞ്ഞ ആ അന്തരീക്ഷത്തിൽ ആ ശബ്ദങ്ങൾ മാറെറാലികൊണ്ടു.

"റാണി.......,'

'ശശീ.......,'

ചക്രവാളത്തിന്നപ്പുറത്തുള്ള ലോകത്തിലേക്കും അതു ചെന്നെത്തി. നക്ഷത്രങ്ങൾ മിഴിച്ചുനിന്നു. അമ്പിളി വീണ്ടും തെളിഞ്ഞുനിന്നു. പുഴ വീണ്ടും ഒഴുകിപ്പോവുകയാണ്...........

മഞ്ഞണിപ്പുതപ്പിട്ട നീലിമയുടെ തുടുത്ത കവിൾത്തടത്തിൽ ചെഞ്ചായം പുരണ്ട രക്തമേഘങ്ങൾ, പുത്തൻകവിതകൾ നെയ്തെടുക്കുമ്പോൾ ഉദയാർക്കൻ നീട്ടുന്ന തങ്കക്കതിരുകൾ ആ ചോരച്ചുണ്ടിൽ ചുംബനങ്ങളർപ്പിക്കുകയാണ്. ശാന്തസുന്ദരമായ പ്രഭാതം. പ്രപഞ്ചം ഉന്മേഷത്തിലേക്കു തിരിച്ചുവരാനുള്ള ശക്തിയുടെ സൈറൺപോലെ പൂവൻകോഴിയുടെ ശംഖനാദം അങ്ങകലെ മുഴങ്ങികേട്ടു. കുളിരിളക്കുന്ന ആ പരിസരത്തിന്റെ കുളിർമയുള്ള അന്തരീക്ഷത്തിൽ മൊട്ടിട്ടുവിടരുന്ന കിനാക്കളെ താലോലിച്ചുംകൊണ്ട് രണ്ടിണക്കുരുവികൾ പൂഴിയിലേക്കു ചാഞ്ഞുകിടക്കുന്നു. ഒരു മരക്കൊമ്പിൽ ഇരുന്ന് സല്ലപിക്കുകയാണ്. അക്കരെ ഒരു കുളക്കോഴിയുടെ ശബ്ദം.

ഇതൊന്നുമറിയാതെ പുഴ ഒഴുകിപ്പോവുകയാണ്............

## കവിത


# അറിവൂ ഞാൻ

ജി. ആർ എടക്കാട്ട്

ഓമനെനീ യെന്നരികിലണയുന്നോ-
രാമുഹൂർത്തത്തെ സ്മരിക്കയിഞാൻ
എന്നും മനസ്സിനെ പുൽകുന്നൊരാസൌമ്യ
മെന്നും നശിക്കാതിരുന്നുവെങ്കിൽ

മാനവലോകത്തിലാരും കൊതിക്കുന്നോ
രാനന്ദസീൽക്കാര മായിട്ടും ഞാൻ.
വേണുഗാനംപോലൊരാനന്ദ മാണിതെ
വേദനകളുള്ളിലെ സ്വപ്ന സൌഖ്യം.

എത്രമനോഹരമാകിലുമായവ-
ക്കെത്രയും ജീവിത സ്വപ്നസാരം.



# വളരുന്നതലമുറ.

## ഒരു വല്ലാത്ത സമ്മാനം

കുറെ മുമ്പാണ് അതുണ്ടായത്. ഒരു ജാലവിദ്യക്കാരൻ കുറവൻ ഞങ്ങളുടെ നാട്ടിൽ വന്നു. അയാളുടെ, കയ്യിൽ ഒരു കുരങ്ങുണ്ടായിരുന്നു — ഭംഗിയുള്ള ഒരു കുരങ്ങ്. അതിനെകണ്ടപ്പോൾ നാട്ടുകാര്യസ്ഥനായ കിട്ടുണ്ണിനായർക്ക് അതിനെ കിട്ടിയേ കഴിയൂ. വളരെ മിപ്പ്'ൽ അടിച്ചെടുക്കുകയും ചെയ്തു അദ്ദേഹം അതിൽ അഭിമാനമോ സന്തോഷമോ നടിച്ചുകൊണ്ട് കുറവനോട് പറഞ്ഞു. "അവിടെ കെട്ടിയിട്ടോ" എന്നിട്ട് ഭക്ഷണക്രമങ്ങൾ എല്ലാം കുറവനോട് ചോദിച്ചറിയുകയും ചെയ്തു.

കുറവൻ പോയ്. കുറെ കഴിഞ്ഞപ്പോൾ കിട്ടുണ്ണിനായർ പതുക്കെ കുരങ്ങിനെ ഒന്ന് സന്തോഷിക്കാൻ ചെന്നു.

ഉടനെതന്നെ അവനും ഒന്നു സന്തോഷിച്ചു. പക്ഷെ അത് കിട്ടുണ്ണിനായർക്കത്ര സുഖായില്ലെന്ന് തോന്നി. താന്നല്ല കയ്യിൽ ഒരു ചുവന്ന പാടും കുറെ രക്തവും. ആദ്യത്തെ ദിവസല്ലെ കിട്ടുണ്ണിനായർ ആശ്വസിച്ചു. പക്ഷെ നാലോ, അഞ്ചോ ദിവസത്തിനുള്ളിൽ കിട്ടുണ്ണിനായരുടെ അഞ്ചു കുട്ടികളേയും ദാരങ്ങളേയും അവൻ ഈരണ്ടുതവണ 'സീൽ' വെച്ച് കഴിഞ്ഞിരുന്നു. എന്നിട്ടും അവനെ അവിടെ വെച്ച് പൊറുപ്പിക്കുന്നത് കിട്ടുണ്ണിനായർക്ക് ബുദ്ധിപൂർവ്വകമായി തോന്നിയില്ല. അദ്ദേഹം ഉടനെ കുറെ സാഹസപ്പെട്ടിട്ടുതന്നെ അവനെ ഒരു കൊട്ടയ്ക്കുള്ളിലാക്കി കെട്ടി ഒരു ചെറുക്കനെ വിളിച്ച് എടുപ്പിച്ച് അടുത്തുള്ള ഒരു മുതലാളിയുടെ വീട്ടിലേക്ക് എത്തിച്ചു. എന്താ കിട്ടുണ്ണിനായരെ ഇത്. മുതലാളി ഒരു ചെറുപുഞ്ചിരിയോടുകൂടി ചോദിച്ചു. അവിടേക്ക് ഒരു സമ്മാനം തരാൻ ഞാൻ ഇശ്ശ്യനാളായി വിചാരിക്കുന്നു പക്ഷെ ഇപ്പോഴെ അത് ഒത്തുള്ളൂ." കിട്ടുണ്ണിനായർ കൊട്ടയുടെ ഉള്ളിൽക്കൂടി ചങ്ങല വലിച്ചെടുത്ത് തൂണിൽ ബന്ധിച്ചുകൊണ്ട് പറഞ്ഞു എന്നിട്ട് ആ പാത്രം തുറക്കുകയും ചെയ്തു. കുരങ്ങൻ പുറത്തു ചാടി. അവൻ പല വികൃതിത്തരങ്ങളും കാണിച്ചു. മുതലാളിക്ക് ബഹുരസമായി അദ്ദേഹം കിട്ടുണ്ണിനായരെ വിളിച്ചുപറഞ്ഞു. "കിട്ടുണ്ണിനായരെ നിങ്ങൾ വളരെ ബുദ്ധിമുട്ടിയിട്ടുണ്ടെന്ന് എനിക്കറിയാം. ഞാത്കൊണ്ട് ഇതിരിക്കട്ടെ' കിട്ടുണ്ണിനായർ കൈ നീട്ടി. മുതലാളി വീണ്ടും ചോദിച്ചു. 'എന്താ കിട്ടുണ്ണിനായരെ കയ്യിന്മേൽ ഒരു കെട്ടും പൂട്ടാക്കെ' കിട്ടുണ്ണിനായർ ഒരു പച്ചച്ചിരിയോടെ പറഞ്ഞു. 'അത് അടക്കാക്കത്തികൊണ്ട് മുറിഞ്ഞതാ' എന്നിട്ട് കിട്ടുണ്ണിനായർ വേഗം യാത്രപറഞ്ഞ് പിരിയുകയും ചെയ്തു.

രണ്ട് ദിവസം കഴിഞ്ഞു മുതലാളിയുടെ ഒരാൾ കിട്ടുണ്ണിനായരുടെ വീട്ടിൽവന്നു കിട്ടുണ്ണിനായരില്ലിവിടെ' അയാൾ ചോദിച്ചു ഇല്ല ഒരിത്തിരി മുമ്പെ കോഴിക്കോട്ടേക്ക് പോയി, നാലു ദിവസം കഴിഞ്ഞെ വരുള്ളോന്നാ പറഞ്ഞെ. കിട്ടുണ്ണിനായരുടെ ഇടത്തുപക്ഷം മറുപടി പറഞ്ഞു.

വന്നയാൾ മടങ്ങിപ്പോയി കുറച്ച് കഴിഞ്ഞപ്പോൾ കിട്ടുണ്ണിനായർ കോഴിക്കോട്ടേക്ക് വണ്ടി കയറുകയും ചെയ്തു. മുതലാളി ആകെ വിഷമത്തിലായി. നാല് ദിവസം ആ കുരങ്ങി

നെയും വെച്ച് പൊറുപ്പിക്കുക വലിയ വിഷമമുള്ള ഒരു കാര്യമായിരുന്നു. അപ്പോഴാണ് മുതലാളിയുടെ ഒരു സ്നേഹിതൻ അവിടെ വന്നത്. കിട്ടുണ്ണിനായരുടെ അതേ കൊട്ടയിൽതന്നെ അദ്ദേഹം അത് സ്നേഹിതന് സമ്മാനിച്ചു. കച്ചവടക്കാരനായ സ്നേഹിതനാകട്ടെ അതിനെ തൻെറ കച്ചവടസ്ഥലത്ത് കെട്ടിയിട്ടു. രണ്ടോ മൂന്നോ ദിവസം കഴിഞ്ഞപ്പോഴേ അയാളുടെ കച്ചവടം ഏതാണ്ട് നിലച്ച മട്ടിലായി

തന്നെയല്ല അദ്ദേഹത്തിൻെറ ദേഹത്തിലും ചില ചില്ലറപ്പാടുകൾ അവൻ സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. കുരങ്ങിനെ അയാൾ വില്ക്കാൻ തീരുമാനിച്ചു. പക്ഷേ വാങ്ങിക്കാൻ ആരും വന്നില്ല. വെറുതെ കൊടുത്തവരും നിഷേധിക്കുകയാണു ഉണ്ടായത്. കച്ചവടക്കാരൻ ആകെ വിഷമത്തിലായി. അപ്പോഴാണ് പഴയ കുറവൻ ആ വഴിക്ക് വരുന്നത്. കച്ചവടക്കാരൻ ചോദിച്ചു 'എടാ നിനക്ക് ഈ കുരങ്ങിനെ വേണോ'. 'കിട്ടിയാൽ തരക്കേടില്ല'. എന്ന് അവൻ ഉത്തരം പറഞ്ഞു. 'എന്തു തരും' 'ഒന്നും തരാൻ ഇല്ല'. 'എന്നാൽ കൊണ്ടുപോ' അവൻ കുരങ്ങിനെ അഴിയ്ക്കാൻ ചെന്നു. കുരങ്ങൻ ചീറിയടുത്തു. അവൻ തൻെറ വടികൊണ്ട് രണ്ട് പെട. കുരങ്ങൻ പട്ടിപോലെ കുറവനെ അനുഗമിച്ചു. കച്ചവടക്കാരൻ ബെഞ്ചിൽ ചെന്നിരുന്ന് ഒരു ബീഡി കത്തിച്ചുകൊണ്ട് പറഞ്ഞു 'ഒരു വല്ലാത്ത സമ്മാനം'.

ഉണ്ണി

കവിത

# സായാഹ്നം.

ശ്രീകുമാർ ചങ്ങമ്പുഴ.

തീവ്രനാളക്കന്റെ തീക്ഷ്ണകിരണങ്ങൾ
ഭൂവെള്ളിമണ്ണിൽ ചൊരിഞ്ഞശേഷം
താഴോട്ടു താഴോട്ടു നീങ്ങിക്കടലിൻെറ
ചാരത്തുചെന്നു മറയുവാനായ്
പാടലമേഘമാം മാട്ടിൻകിടാങ്ങളാ
മാനത്തുപാടിക്കളിച്ചീടുമ്പോൾ.
മാണിക്യക്കല്ലു നിരത്തിവെച്ചകൊച്ചു
താരങ്ങൾ വാനിൽവിപണിയിങ്കൽ.
പാരമൊളിച്ചു കളിച്ചുകഴികയാം
മാനത്തു വീണ്ടുമെന്നുഷ്ണദേവൻ!
അക്ഷണങ്ങളിൽനിന്നകന്നുപോയാരവി–
യിക്ഷിതിക്കുരിരുൾ കാട്ടിലാണ്ടു

താമരപ്പൂവുകൈക്കൂപ്പിതൻ കാന്തനെ–
ത്താമസിയാതെപ്പറഞ്ഞയച്ചു
ആമ്പൽപ്പൂവോരോന്നുയർന്നുപോയ് പൊയ്കയിൽ.
ലമ്പിളിവാനിൽ നിലാവൊഴുക്കി.
നീരമെങ്ങോ മറഞ്ഞ വിഹായസ്സിൻ
നീലിമപൊട്ടിക്കരഞ്ഞുനില്ക്കേ
മായല്ലേ മായല്ലേ മാമകജീവിത–
മാദ്ധ്യമായ് കണ്ടതാം സ്വപ്നമേനീ
വിസ്മരിക്കില്ലഞാൻ; വിസ്മരിക്കില്ലഞാൻ
വിശ്രാന്തിതിണോകസൌന്ദര്യമേ ഞാൻ!

ശ്രീദേവി ചങ്ങമ്പുഴയുടെ സദയാനുവാദത്തോടുകൂടി.

—★—

## SMILES AND TEARINS.

(continue)

He became four yars old. The old father remembers it vividly now The child was admitted to the school The hearts of his parents would cool when they would see their heart going to school as a butterfly, with small books on his breast..........That golden rainbow would spread, in their wavering hearts where the blood-staind dark scars of endurance and pangs were full, a cool moon light of happiness though for a small time ........... The gemlike cynosure which rose in the evening of their life was radiating effulgently and a galmourouly ......—.... But would it set immediatly as the finest rainbow comes out and vanishes immediatly? If........ if........alas!!

All on a sudden, a fever attacked the boy. It did not get better At last, the eyes of his dear mother closed for ever, for her son! Then his superannuated father looked after the boy with many difficulties. The days mixed with tears and smiles. Days, cooperated with blood and bliss, passed away .......At last the boy remained to care his father in his eldest days. His heart of hearts!

His father's job was changed. Then his daily work became to take the boy of the landlord of that place to the school.....

Oneday when he was Pulling the rickshaw with the butterfly of the lord, he saw his beloved son walking with panting and sweat, His eyes, like graves, filled with tear. His heart walks....... Alas! he was unable to look at him thereafter. He wished to take his son by the rickshaw. Do not, the world will contempt him; will consider him as a lunatic. Never, he did not try for it!

The child of the land lord was like an old frog with a projected belly. The son of the ricKshaw man ...........he, was a blooming rainbow!............a pearly star.....................Black carbon and red star!

*** ** **

But that did take place The landlord never had expected it. The preface of the revolution of the progressing future genrations took its resurrection there Nothing more. One day both of the boys fell into a struggle when they were in the school.

"You worm...........your father is the ass who carries me............fool" The son of the landlord roared against the son of the rickshaw man. Other boys exclaimed out

"Your father..........poor old man ........... he died............he is the dog who eats our dirts........ .." He again mocked at the poor boy.

"Bloody............vagabond, I will kill you ....stop .. "The son of the ricKshaw man shouted. The last dying tunes of a harp when its wires break! It was a thunder. Even the very horizon was terrified. Thatl ion's child could not remains till when he heard a boy contempting his venerable father.

In that growing child, there were revolutionary expectations and hopes' accumulated for the future generations. He could not remain still when he heard the slanderagain.

Te!......" The child hit strongly on the head of the boy of the landlord with an iron rod. All men bewildered.

It became a peril.

The landlord Knew this. He sent for the

rickshaw-puller and his boy. They reached his mansion. The cruel lord beat the nice boy in the presence of his favourite old father.

,,Ah........my father....my fa....the ...r........" The boy burst into tears.

"My be .......lo ....ved.........so... n....my beloved son ..."The old father wept Piteously, untle his heart was broken. They were the fal teringaccents of a cracked heart. Then words did not emerge from his throat!

The landlord again beat the child. Howmany times a father would see it with tears!....That rose flower was ruined.The wires of the heart of that lyre, from where mu sic flowed, were broken into pieces. Thus the celestial dream which entered his soul to sell garlands of hilarity, was ended for ever A story of tears....smiles and teards ........yes, it is true.

Fut! .....you dog . bas .. tard....!,, The rickshaw man roared as if it would perish the whole world itself in a mere moment. He also got some blows from the land lord. The lord threw away the rickshaw. Thus one of its legs lost . ..The stars wept....The very day, the lord made him flee from his hut.......

Blood came from the eyes of the child. Like a pale, split, big roseflower dipped in blood, he took the child in his lame rickshaw and he walked some where unconsciously like a frenzy man, like a one legged wingless bird! He was fainted. The child's flowery body became lifeless like a Stone!

How he should suffer it? Did his golden dreams scatter Did the rainbow of his soul perish itself? Did his heart's star close its eyes? Yes........... yes ...........Ah! Then would he bear it? He is also a father! ...........

He cried loudly as a child. The horizon walls of his heart cracked in the replication of that roar!!

What? The rainbow set! Did the poor man's blue dreams burn? His beloved child's body became hard as a rock. Did the thrillings of that soul melt? Did tears of blood fall down from those sweet smiles? what............Did that life ruin itself? Is it so? Yes-yes yes!

He could not believe anything. That old man of a struggling soul, saw beforehim that the golden pitcher with sweet nectar of raptures, was shattered! He adorned the boy with his festival new dresses. Blood had clotted the forehead of the child. He caressed the corpse with tears form any a crore time. The gay carol of his life was paused. What result?.....................He embraced the dead body. Does a pale flower get its beauty once more?

He covered the body with a mat—the coffin in other words! It became wet with tears as a withered eglantine flower in heavy rain! Wonder! Blood drops were falling from the roseflower of thatsmile. Does blood drops flow from smiles? Alas.—!

In the hot blood of his cracked heart, the coffin became like a bloody flag of a victory. A festival present to the landlord!

He put that coffin upon his head. He sighed heavily. Even the colossal palaces shook in the waving of that huge trembling sigh as in a terrible tempest! He seemed that the sky was falling upon his bald head.... He alked aimlessly somewhere, carrying the dead body. Where would that homeless pauper go? where the corpse should be buried? where ould he get earth for it? Oh! earth is every where. Good pearly sand which inspires us for our good poems!........But............But from where would that poor man get a few sand to bury a dead

body? Yes, the singing silicons as sugar! From where? it echoed in his ears a lakh times per second!

Where he should dismount that unbearable burden? To whom he should tell that story of hot tears? wherehe should place that whole ocean of tears?...... Is he also behind the curtain of oblivion?Is it or is it not? He hesitated.

He had begun to walk from the evening. The walk has not yet ended. When would it end? Who should know it? Life is a long limitless way, and we are only travellers. We will be forced to stop our journey once, for ever.

* * * *

It was midnight!

Some shadows remained here and there in the haunted cemeterical silence as goblins. The white clouds were dancing in the fresh sky with sbsolute merriment........ Let them dance. The dance will be stopped automatically when that red morn will peep out! Certain!

Those stars were then smiling!

By walking, his feeble legs began to shake. Carrying the corpse, he walked for a few steps with utmost shiver. Tear drops, like the poisonous boiling lava coming out from the cracked volcano, flowed through the furrows of his old weak withered cheeks....Eveu in that flood of tears, the halo of the stars, reflected clearly—like a red lotus flower of fragrant smile rising up in the blue lake of tears!! Thus a new flower of happiness which bloomed in the heart of a distressed individual, was destroyed by a latent giant ......

He coughed terribly!

It was the cough which pained the night. A miniature of an earthquake! He expectorated clotted blood. Not the clotted, blood but the hot blood of a broken heart....In it, the stars reflected!

He sat on the furlong stone. He was very much tired. He saw before him the long path like the long life. He looked into it. He caught nothing from its infinity. He is a mere single stone of that life's path. It is miraculous Is it so?

He looked at his lame rickshaw, the playmate and comrade of his long deserted life. His eyes filled with tears. He seemed the coffin, going into the internal chamber of his heart. The coffin pricked his soul. Now there is no tear to weep. So he did not weep, Tears had finished because of its limitless flow as a broken dam. His eyes are empty. All finished. All dried. Here after how should he cry? After the intense and infinite painful mourning, his heart became emotionless as an inanimate rock. The vibration of that skeleton would give an end now. His heart became like a cenotaph.

The legless rickshaw!

After a tragic, dreadful silence, carrying the corpse of his heart's joy, like a wingless male dove with tired body, he walked towards the depth of the distance in the toe dim darkness!!

"My dear so'........n........!" It was his heart—breaking pathetic sound; when he was walking, he introspected.

Then those saffron-coloured, yellow stars embarced by beauty, made the pearly flowers of the moonlight of smile, bloom in their crimson lips!

Midnight!!...........

Taking the pungent rotten tasteless rice from the gutters before the hotels of that huge town and eating them with extreme greed and joy, a

man like a worm was bursting then into laughter always, not crying.

"My son....my beloved so....n....!!" His soul was panting....Even those stars lamented by shutting their tiny eyes....They startled.

The roaring was foaming. It was not of tears but of revenge; not of smile but of blood!

He was again sitting on that furlong stone.

Four O' clock

He was ugly! as a davil. That long path lay there before his eyes as a limitless one. Poor mad man.... Some owls flew through the foliage of some neighbouring mango trees, Sitting on the festoons of that flowered cassia tree, some night birds sang significantly with a tragic melodiousness. Let them sing and be happy Yes, let them sing until their hearts break. Yes, let them sing!

The old man was still as a hill.

He was a man who kicked out eighty long years behind.

Thick darkness everywhere Does not this darkness end? Yes, there is a golden dawn There is a bright day for a dark night. Does not a golden morn congratulate us? Yes, light, more light, yes it is coming. We want it........

Stars looked into the earth through the grey veil of dim mist That midnight will end. In the dewy eastern sky, bloody red majestic dawn will come and peep out. A good morn will smile.... ....Rainbows will bloom......... ...The creeper of rainbow will bloom magnificently in the gardens of autumn clouds....Yellow small stars will pour smiles

The corpse lying in that coffin will move for a second as if it has got its life again!

A morn of revolution, a morn of welfare, a morn of reformation, will come!

That day the eyes of rotten tears will dry. The lips of smile will bloom. The souls of dreams shall thrill. The hearts of expectations will dance with rapture. The flags of blood-red colour will rise up in this heaven That day the graves of black pangs will turn into heavenly green gardens of classless, social, equal and charming life........The fragrance ofpleasant life will pervade there. That day, happiness will overflow the cup of life!!

Yes, it is certain! If it is so, is it not good? Yes........yes.. .....yes........ That day this puller of rickshaw, this mad man, will sit, where?

In the youth of the current of light of that sapphire-like dawn, where will that old man, who is now sitting on that stone with lifeless disappointment, sit? When will that time come? Yes,it will come soon. Let it arrive soon.

And thus, the sceptre of hilarity fell down from the threshold of a poor man's, heart, to the hearse of calamities and thus a flute of life was broken!

He is sitting there like a bent sickle, staring at the coming red dawn........Poor old mad man! ..........?... He survived the gusts and thunders of long life. Then also the gorgeous stars, like blood-stained daggers, smiled in the serene autumn sky with an unimaginary gaiety!

Thus, from the flower filled with the heavenly nectar of smilecame out ghosts of blood.... ...Blood flows from smiles........A marvellous episode!

Yes, the morn is approaching us. let it come!

This is a story of tears....Smiles and Tears!....a symbol of life!

[copy right to the author]